കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ന്യൂമാഹി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

# ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/201/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയ്യതി : 26.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)
നൃൂമാഹി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നൃൂമാഹി ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

-------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം നൃൂമാഹി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു

റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (എയിംസിൽ)

2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ മെയിൽ)

3.കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/201/2019 തീയ്യതി: 26.03.2019

## കണ്ണൂർ ജില്ലയിലെ ന്യൂമാഹി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക

# വർഷത്തെ
# വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

## ആമുഖം

കണ്ണൂർ ജില്ലയിലെ ന്യൂമാഹി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 23-9-2017 മുതൽ 3-2-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണംപിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 54 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 44 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ്നടത്തുവാൻചുമതലപ്പെട്ടഉദ്യോഗസ്ഥന്റെ പേര് / ഉദ്യോഗപ്പേര് | ശ്രീ. ശശികുമാർ. എം.പി<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 4/2/2019മുതൽ<br>15/2/2019വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി.ലതവാണി.എൻ.എൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| 2 | ശ്രീ .രമേശൻ കരോത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീമതി.വിപിന വത്സരാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

1-നിർവ്വഹണാധികാരികളുടെ പേര് &കാലയളവ്

| | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.എ.വി.ചന്ദ്രദാസൻ | 1.4.2017 മുതൽ 31.3.2018 വരെ |
| സെക്രട്ടറി | ശ്രീമതി .മഞ്ജുഷ .പി.എൻ | 01.04.2017 മുതൽ 18.04.2017 വരെ |
| | ശ്രീ .സത്യൻ .കെ. | 19.04.2017 മുതൽ 18.06.2017 വരെ |
| | ശ്രീമതി .സവിത .എം. | 19.06.2017 മുതൽ 22.06.2017 വരെ |
| | ശ്രീ .സതീഷ് ബാബു .പി.കെ. | 23.06.2017 മുതൽ 31.03.2018 വരെ |

2- മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. അഷിത. എം.ആർ | 1.4.2017 മുതൽ 30.10.2017 പൂർവ്വാഹ്നം വരെ |
| | ശ്രീമതി. ജിനി ജേക്കബ് | 30.10.2017 അപരാഹ്നം മുതൽ 31.3.2018വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ. | ശ്രീ. ഷാജി.പി.കെ | 1.4.2017 മുതൽ 31.3.2018വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.സുജയ് മോഹൻദാസ് | 1.4.2017 മുതൽ 31.3.2018വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദ) | ഡോ.ഗോപിക.യു.കെ | 1.4.2017 മുതൽ 4.11.2017 പൂർവ്വാഹ്നം വരെ |
| | ഡോ.സന്തോഷ് കുമാർ.ടി | 4.11.2017 അപരാഹ്നം മുതൽ |

| | | |
|---|---|---|
| | | 31.3.2018വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.പ്രദോഷ് കുമാർ | 1.4.2017 മുതൽ 26.3.2018 പൂർവ്വാഹ്നം വരെ |
| | ഡോ.സജിത് പ്രസാദ് | 26.3.18 അപരാഹ്നം മുതൽ 31.3.2018വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.രാജശ്രീ.ആർ | 1.4.2017 മുതൽ 31.3.2018വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. കെ.സത്യൻ | 1.4.2017 മുതൽ 19.6.2017പൂർവ്വാഹ്നം വരെ |
| | ശ്രീമതി . സവിത.എം | 19.6.17 അപരാഹ്നം മുതൽ 31.3.2018വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. ദിലീഷ്.കെ | 1.4.2017 മുതൽ 19.4.2017 വരെ |
| | ശ്രീമതി. ശ്രീജ.യു | 20.4.2017 മുതൽ 9.10.2017പൂർവ്വാഹ്നം വരെ |
| | ശ്രീ. സന്തോഷ്.പി | 9.10.17 അപരാഹ്നം മുതൽ 31.3.2018 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി . ഉഷ.വി.പി | 1.4.2017 മുതൽ 31.3.2018വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ.റിജുൽ രാജ് . | 1.4.2017 മുതൽ 23.5.2017പൂർവ്വാഹ്നം വരെ |
| | ശ്രീമതി .മിനി.കെ .നായർ | 23.5.17 അപരാഹ്നം മുതൽ 7.7.2017പൂർവ്വാഹ്നം വരെ |
| | | 8.9.2017 അപരാഹ്നം മുതൽ 13.11.2017 പൂർവ്വാഹ്നം വരെ |
| | ശ്രീമതി .ദിൽന.ടി.എ | 7.7.2017 അപരാഹ്നം മുതൽ |

| | | |
|---|---|---|
| | | 8.9. 2017 പൂർവ്വാഹ്നം വരെ |
| | | 13.11.2017അപരാഹ്നം മുതൽ 6.12.2017പൂർവ്വാഹ്നം വരെ |
| | ശ്രീ .സൂര്യ.പി | 6.12.2017 അപരാഹ്നം മുതൽ 23.1.2018 പൂർവ്വാഹ്നം വരെ |
| | ശ്രീ . അനീഷ് കുമാർ.പി | 23.1.2018 അപരാഹ്നം മുതൽ 31.3.2018വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി. അനിത.പി.പി | 1.4.2017മുതൽ 31.3.2018വരെ |

ഉള്ളടക്കം

ഭാഗം 1


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം - 1 പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |

| | | |
|---|---|---|
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ | 1-12 |
| | ഭാഗം-II<br>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | ഷോപ്പിംഗ് കോംപ്ലക്സ് വരവ് -അപാകങ്ങൾ | 2-1 |
| 14 | ഡി&ഓ ലൈസൻസില്ലാതെ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു-നടപടികളില്ല | 2-2 |
| 15 | മുഴുവൻ റേഷൻ വ്യാപാരികളും ഡി&ഒ ലൈസൻസെടുത്തിട്ടില്ല. | 2-3 |
| 16 | മുഴുവൻ വ്യാപാരികളിൽനിന്നും തൊഴിൽനികുതി ഈടാക്കിയില്ല | 2-4 |
| 17 | സി.ബി.എസ്.ഇ സ്കൂളുകൾ ജീവനക്കാരുടെ | 2-5 |

| | | |
|---|---|---|
| | യഥാർത്ഥ വരുമാനം കാണിക്കാതെ തുച്ഛമായ തൊഴിൽനികുതി ഒടുക്കുന്നു. | |
| 18 | 'ഇ' ടെണ്ടർ ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 2-6 |
| | ഭാഗം-III ചെലവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 19 | ദിവസവേതനത്തിൽ ഡ്രൈവർ നിയമനം - സർക്കാർ ഉത്തരവുകൾ പാലിച്ചില്ല | 3-1 |
| 20 | ഗ്രാമപഞ്ചായത്ത് വാഹന ഇൻഷ്വറൻസ് - കേരള സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേന നടത്തുന്നില്ല. | 3-2 |
| 21 | മഴക്കാല പൂർവ്വ ശുചീകരണം ചെലവ് രേഖകൾ ഹാജരാക്കിയില്ല- ചെലവ് തുക ₹115200 തടസ്സപ്പെടുത്തുന്നു | 3-3 |
| 22 | ശമ്പള പരിഷ്കരണ കുടിശിക നൽകൽ - അപാകങ്ങൾ | 3-4 |
| 23 | ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്ന് രജിസ്റ്ററുകൾ, ഫോറങ്ങൾ മുതലായവ വാങ്ങൽ - ഒടുക്കിയ മുഴുവൻ തുകയുടെയും സാധനങ്ങൾ ലഭിച്ചിട്ടില്ല | 3-5 |
| 24 | വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് | 3-6 |

| | | |
|---|---|---|
| | ധനസഹായം :മാർഗരേഖ പ്രകാരമുള്ള തുക അനുവദിച്ചില്ല. | |
| 25 | പശു വിതരണം - പ്രോജക്റ്റ് - നിർവ്വഹണ അപാകങ്ങൾ - ചെലവ് തുക ₹125000 തടസ്സപ്പെടുത്തുന്നു | 3-7 |
| 26 | ആട് വിതരണം – പ്രോജക്റ്റ് - അനുബന്ധ രേഖകൾ ഹാജരാക്കിയില്ല ₹1,00,000 തടസ്സപ്പെടുത്തുന്നു. | 3-8 |
| 27 | മുട്ടക്കോഴി വിതരണം – പ്രോജക്റ്റ് - വരുമാന സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - ₹78050 തടസ്സപ്പെടുത്തുന്നു. | 3-9 |
| 28 | കാട വിതരണം – പ്രോജക്റ്റ് - അനുബന്ധ രേഖകൾ ഹാജരാക്കിയില്ല - ₹70500 തടസ്സപ്പെടുത്തുന്നു. | 3-10 |
| 29 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മേശ,കസേര വിതരണം-ഗുണഭോക്തൃലിസ്റ്റിലുൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി. ₹9752 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-11 |
| 30 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ - ആനുകൂല്യം കൈപ്പറ്റിയവരുടെ അർഹത തെളിയിച്ചിട്ടില്ല , ₹ 55,750 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-12 |

| | | |
|---|---|---|
| 31 | തെരുവുവിളക്ക് മെയിന്റനൻസും ,അനുബന്ധ ഉപകരണങ്ങൾ വാങ്ങലും പദ്ധതി -അപാകങ്ങൾ | 3-13 |
| 32 | കമ്പ്യൂട്ടറും , അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാത്തത് | 3-14 |
| 33 | പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് -കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല. | 3-15 |
| 34 | തെരുവ് ടാപ്പിന്റെ എണ്ണം -സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3-16 |
| 35 | തുല്യതാ പരീക്ഷ - സാക്ഷരതാ മിഷന്റെ കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല. ₹33900തടസ്സപ്പെടുത്തുന്നു. | 3-17 |
| 36 | മരുന്ന് വാങ്ങൽ പ്രോജക്ടുകൾ - നിർദ്ദിഷ്ട നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ല ; ₹199985 തടസ്സപ്പെടുത്തുന്നു | 3-18 |
| 37 | വയോജനങ്ങൾക്ക് യോഗപരിശീലനം - ആയുഷുമായി സഹകരിച്ച് നടപ്പാക്കേണ്ടതാണ്. | 3-19 |
| 38 | ഹൈസ്കൂൾവിദ്യാർത്ഥിനികൾക്ക് തായ്ക്വോണ്ട പരിശീലനം -ഗ്രാമ പഞ്ചായത്ത് ചുമതലാലംഘനം നടത്തി :- ₹ 70,000 തടസ്സപ്പെടുത്തുന്നു | 3-20 |

| | | |
|---|---|---|
| 39 | ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്- അർഹമായ ധനസഹായം നൽകുന്നില്ല. | 3-21 |
| 40 | ആശ്രയ പദ്ധതി പ്രവർത്തനങ്ങൾ ഊർജിതമാക്കേണ്ടതാണ് | 3-22 |
| 41 | ദീർഘ വീക്ഷണമില്ലാതെയുള്ള പ്രോജക്ട് തയ്യാറാക്കൽ - ആവശ്യത്തിന് ഗുണഭോക്താക്കളില്ലാതെയുള്ള തുക വകയിരുത്തലും ഗുണഭോക്തൃ ലിസ്റ്റിലെ അപാകങ്ങളും | 3-23 |
| 42 | ഗ്രാമസഭ, ഭരണ സമിതി എന്നിവ അംഗീകരിക്കാത്ത ഗുണോക്താക്കൾക്ക് ആനുകൂല്യം നൽകി | 3-24 |
| 43 | പ്രവൃത്തി പൂർത്തിയാക്കുന്നതിലെ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല | 3-25 |
| 44 | ബില്ലിൽ നിന്നും ടെണ്ടർ കുറവ് കുറവ് വരുത്താത്തത് -കരാറുകാർക്ക് അധിക തുക നൽകി | 3-26 |
| 45 | കരാറുകാരന് നൽകുന്ന അന്തിമ ബില്ലിൽ നിന്നും ബാരലിന്റെ ജി.എസ്.ടി ഈടാക്കിയിട്ടില്ല | 3-27 |
| 46 | കരാറുകാരന് നൽകുന്ന അന്തിമ ബില്ലിൽ നിന്നും ബാരൽ വില ജി.എസ്.ടി എന്നിവ കുറവു വരുത്താത്തത് | 3-28 |

| | | |
|---|---|---|
| 47 | മത്സ്യമാർക്കറ്റ് നവീകരണം - വെയ്സ്റ്റ് പ്ലാന്റ് സ്ഥാപിച്ചിട്ടില്ല. | 3-29 |
| 48 | ഫ്രണ്ട് ഓഫീസ് സൗകര്യം താഴെ നിലയിലേക്ക് മാറ്റൽ -സമയബന്ധിതമായി നടപ്പിലാക്കിയില്ല. | 3-30 |
| 49 | കമ്പ്യൂട്ടറും അനുബന്ധ സേവനങ്ങളും ഏർപ്പെടുത്തൽ - നടപടിക്രമങ്ങൾ പാലിച്ചില്ല ₹55000 തടസ്സപ്പെടുത്തുന്നു. | 3-31 |
| 50 | തീരദേശ പരിപാലന അതോറിറ്റിയുടെ (CZMA) അനുമതി വാങ്ങാതെയുള്ള ശൗചാലയ നിർമ്മാണം | 3-32 |
| | ഭാഗം-IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 51 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 52 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 53 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 54 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 55 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 56 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 57 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 58 | ചാർജ്ജ്/സർചാർജ്ജ് നടപടിയുടെ വിവരം | 4-8 |
| 59 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 60 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 61 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 62 | റസീറ്റ് & പേയ്മെന്റ് | അനുബന്ധം-2-1 |
| 63 | ഇൻകം & എക്സ്പെൻഡിച്ചർ | അനുബന്ധം-2-2 |
| 64 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് 28-3-2017 തീയതിയിലെ 37/17തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 9-3-2018തീയതിയിലെ 38 /18തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദവിരം ചുവടെ കൊടുക്കുന്നു.

| ബജറ്റ് | | പുതുക്കിയ ബജറ്റ് | |
|---|---|---|---|
| മുന്നിരിപ്പ് | 69,18,680 | മുന്നിരിപ്പ് | 1,00,01,726 |
| വരവ് | 5,91,35,500 | വരവ് | 7,30,05,282 |
| ആകെ | 6,60,54,180 | ആകെ | 8,30,07,008 |
| ചെലവ് | 6,38,63,000 | ചെലവ് | 6,71,85,917 |
| നീക്കിയിരിപ്പ് | 21,91,180 | നീക്കിയിരിപ്പ് | 1,58,21,091 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31/7/2018 | 02-5-2018 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13.06.2018 & 14.06.2018 | കെ.എസ്എ./കെ.എൻ.ആർ/സി .7/1164/18 തീയതി : 31-07-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,00,01,726 |
| വരവ് | 3,16,79,311 |
| ആകെ | 4,16,81,037 |
| ചെലവ് | 3,29,40,015 |
| നീക്കിയിരിപ്പ് | 87,41,022 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നി രിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 75,59,000 | 75,59,000 | 68,28,651 | 7,30,349 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 2,53,845 | 2,53,845 | 2,04,000 | 49,845 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 18,12,000 | 18,12,000 | 1733045 | 78,955 |
| മെയിന്റനൻസ്, | | 25,91,000 | 25,91,000 | 21,00,802 | 4,90,198 |

| | | | | | | |
|---|---|---|---|---|---|---|
| നോൺ-റോഡ് (ACR പ്രകാരം) | | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 35,49,535 | 35,49,535 | 34,80,871 | 68,664 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | | 13,92,768 | 13,92,768 | 12,74,215 | 1,18,553 |
| ദുരിതാശ്വാസനിധി | | 32,308 | 5,729 | 38,037 | ഇല്ല | 38,037 |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 645 | 4,78,174 | 4,78,819 | 4,77,704 | 1,115 |
| | തൊഴിലാളികളുടെ കൂലി | | 25,00,376 | 25,00,376 | 25,00,376 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | | 4,57,271 | 2,85,206 | 7,42,477 | 3,66,220 | 3,76,257 |
| ശുചിത്വം | | 83,050 | 2,82,987 | 3,66,037 | 3,65,087 | 950 |
| എം പി ഫണ്ട് | | 1,19,008 | - | 1,19,008 | 1,16,770 | 2,238 |
| ബി ഫണ്ട് | | | 2,49,96,300 | 2,49,96,300 | 2,49,96,300 | |
| സംസ്ഥാന സർക്കാർ ഗ്രാന്റ് (വിമുക്തി, ശുചിത്വം, കേരളോത്സവം) | | 25,000 | 10,95,940 | 11,20,940 | 1,08,440 | 10,12,500 |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1,19,300 | 2,62,100 | 3,81,400 | 2,62,100 | 1,19,300 |
| | ജില്ലാ പഞ്ചായത്ത് | 75,000 | 75,000 | 1,50,000 | 62,100 | 87,900 |
| *തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 37,83,629 | 2,77,55,588 | 3,15,39,217 | 2,29,22,368 | 86,16,849 |
| ഗുണഭോക്തൃ വിഹിതം | | 26,869 | 7,71,580 | 8,01,449 | 5,41,384 | 2,60,065 |

ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ തൻവർഷം ₹ 61,07,000 ലഭിച്ചിട്ടുണ്ട് ഈ ഗ്രാന്റിന് മാത്രമായി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ, ഈ ഇനത്തിന്റെ മുന്നിരിപ്പ് , ചെലവ് ,നീക്കിയിരിപ്പ് വിവരങ്ങൾ ലഭ്യമല്ല

*വാർഷിക ധനകാര്യ പത്രികയിലെ മുന്നിരിപ്പും , നീക്കിയിരിപ്പും ആണ് ഉൾപ്പെടുത്തിയത്-തനത് ഫണ്ടിൽ ബാങ്ക് അക്കൗണ്ടിലെ വരവായെടുത്തിരിക്കുന്നത് റസീറ്റ് & പെയ്മെന്റ് പത്രികയിലെ തനത് വരവാണ്

ബാലൻസ് ഷീറ്റിൽ (ബി 4 ഷെഡ്യൂൾ) ജില്ലാ പഞ്ചായത്ത് വിഹിതം₹10,550 നീക്കിയിരിപ്പായുള്ളത് ഏത് പ്രോജക്റ്റിന്റേതാണെന്ന് വ്യക്തമല്ലാത്തതിനാൽ പ്രസ്തുത വിവരം മേൽ പട്ടികയിലെ ജില്ലാ പഞ്ചായത്തിന്റെ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

എം.ജി.എൻ.ആർ.ഇ.ജി.എസ്. – ആകെ തുക I-6-ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 141 | 3,17,71,278 | 111 | 1,83,54,713 | 36 | 30 | 53.19% |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 39,98,218 | 21 | 16,82,851 | 17 | 80.95 |

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 16,61,500 | 12 | 16,08,107 | 12 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- | 40,29,506 | 13 | 16,55,581 | 10 | 76.92 |
| വെറ്ററിനറി സർജ്ജൻ | 7,73,600 | 5 | 7,72,100 | 5 | 100 |
| മെഡിക്കൽ ഓഫീസർ -ആയുർവേദ | 2,25,000 | 2 | 2,11,950 | 2 | 100 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 9,60,800 | 7 | 8,50,187 | 6 | 85.71 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 1,15,000 | 2 | 1,15,000 | 2 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 4,25,000 | 3 | 90,040 | 2 | 66.66 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 1,56,54,964 | 63 | 84,00,486 | 42 | 65.07 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 21,61,330 | 8 | 18,40,028 | 8 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 8,70,000 | 3 | 2,36,273 | 2 | 66.66 |
| ഹെഡ് മിസ്ട്രസ്സ് | 8,96,360 | 3 | 8,92,110 | 3 | 100 |

തനത് ഫണ്ട് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല -

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളായ ടെക്നിക്കൽ അസിസസ്റ്റന്റിന് വേതനം നൽകൽ, ശൗചാലയത്തിന് ലീസ് തുക ഒടുക്കൽ ,കേരളോത്സവം എന്നീ പ്രോജക്ടുകൾക്കായി തനത് ഫണ്ട് അടങ്കലിൽ വച്ച് പ്രോജക്ട് തയ്യാറാക്കി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും സുലേഖ

ചെലവ് പത്രികയിൽ ചെലവ് തുക ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ മുകളിൽ കാണിച്ചിരിക്കുന്ന ആകെ ചെലവും സെക്രട്ടറിയുടെ ചെലവും കൃത്യമല്ല.

പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾ

പതിമൂന്നാം പഞ്ചവത്സരപദ്ധതിയും 2017-18 വാർഷിക പദ്ധതിയും തയ്യാറാക്കുന്നതിനായി ആസൂത്രണസമിതിയും, വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ച് വികസനരേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നം. 10/2017/ത.സ്വ.ഭ.വ തീയതി, 9-1-2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

ആസൂത്രണസമിതി

24-5-2017 ന് ആസൂത്രണ സമിതി പുനസംഘടിപ്പിച്ചിട്ടുണ്ട്. 13 അംഗങ്ങൾ ഉൾപ്പെടുന്ന ആസൂത്രണ സമിതിയാണ് രൂപീകരിച്ചിട്ടുള്ളത്.

വികസന സെമിനാർ-11/5/2017 ന് വികസന സെമിനാർ യോഗം ചേർന്നിട്ടുണ്ട്- സെമിനാറിൽ 153 പേർ പങ്കെടുത്തിട്ടുണ്ട്

വർക്കിംഗ് ഗ്രൂപ്പ്

മാർഗ്ഗരേഖയുടെ നിർദ്ദേശങ്ങൾക്കനുസരണമായി ഗ്രാമ പഞ്ചായത്തിൽ വിവിധ മേഖലകളിലായി 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.

ജില്ലാ ആസൂത്രണ സമിതി അംഗീകാരം -

2017-18 വാർഷിക പദ്ധതികൾ 05-05-2017ന് മുൻപ് അംഗീകാരം നേടണം എന്ന് മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നുണ്ടെങ്കിലും ജില്ലാ ആസൂത്രണ സമിതിയുടെ 82/2017 /DPC/DPO/ KNR/തീയതി 31-5-2017 പ്രകാരമാണ് വാർഷിക പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ളത്.

മോണിറ്ററിംഗ്

സ.ഉ(എം.എസ്) നം.72/2017 തസ്വഭവ തീയതി 29-03-2017 ഉത്തരവ് ഖണ്ഡിക 14.6 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ് എന്നും അതിനായി പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ മോണിറ്ററിംഗ് ചെയ്ത വിവരം ലഭ്യമല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 645 | 4,78,174 | 4,78,819 | 4,77,704 | 1,115 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 25,00,376 | 25,00,376 | 25,00,376 | |
| | 645 | 29,78,550 | 29,79,195 | 29,78,080 | 1,115 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5,400 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 3,04,300 | 26 |
| വിധവാപെൻഷൻ | 61,35,900 | 521 |
| വാർദ്ധക്യകാലപെൻഷൻ | 1,58,16,600 | 1259 |
| വികലാംഗപെൻഷൻ | 17,78,800 | 163 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 7,72,600 | 94 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-2-2019-ന് ഉച്ചക്ക് ശേഷം 2.15-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 40,382 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിൽ 2/2017 ന് ശേഷം സ്റ്റാഫ് മീറ്റിംഗ് യോഗം ചേർന്നത് 12-7-2017 നാണ്. 2017-18 – ൽ ആകെ 9 തവണ ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുണ്ട്. സ്റ്റാഫ് മീറ്റിംഗിൽ ഓഫീസിലെ മുഴുവൻ ജീവനക്കാരും പങ്കെടുക്കുന്നില്ല. 23-12-2017 ന് ചേർന്ന യോഗത്തിൽ 6 പേർമാത്രമാണ് പങ്കെടുത്തത് എന്നാൽ 12 ജീവനക്കാർ അന്നേ ദിവസം ഓഫീസിൽ ഹാജർ രേഖപ്പെടുത്തിയിട്ടുണ്ട്.

ഓഫീസ് ഓർഡർ ബുക്കിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇൻകുംബെൻസി

മാസ്റ്റർ രജിസ്റ്റർ എല്ലാ കോളങ്ങളും കൃത്യമായി രേഖപ്പെടുത്തി തയ്യാറാക്കിയിട്ടില്ല.

ജീവനക്കാർ തൻപതിവേട് രജിസ്റ്റർ എഴുതുന്നെണ്ടങ്കിലും ആയത് പ്രതിമാസ സംക്ഷിപ്തം, റണ്ണിംഗ് നോട്ട് എന്നിവ എഴുതി മേലുദ്യോഗസ്ഥന് സമർപ്പിക്കുകയോ മേലുദ്യോഗസ്ഥൻ പരിശോധിക്കുകയോ ചെയ്യുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10/1/2019 | 1/11/2018മുതൽ 31/12/2018 വരെ | 10/1/2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28/11/2018 മുതൽ 10/12/2018 വരെ | 2013-14 മുതൽ 2017-18 വരെ | 18/1/2019 |

## 1-12 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1.വാർഷിക ധനകാര്യപത്രികയോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2.വസ്തുനികുതി (റസിഡൻഷ്യൽ - തൻവർഷം) I – 1 ഷെഡ്യൂൾ പ്രകാരം ഡിമാന്റ് 11,46,530/- രൂപയും കളക്ഷൻ (RP – 43) 10,22,143/- രൂപയുമാണ്. എന്നാൽ B -15 ഷെഡ്യൂൾ പ്രകാരം ബാലൻസ് 16,178/- രൂപ മാത്രമാണ്.

3.വസ്തുനികുതി (വാണിജ്യം) I-1 ഷെഡ്യൂൾ പ്രകാരം ഡിമാന്റ് 8,71,022/- രൂപയും കളക്ഷൻ 7,87,231/- രൂപയുമാണ്. എന്നാൽ വ്യത്യാസമുള്ള ₹83791/-ബാലൻസ്ഷീറ്റിൽ കാണിച്ചിട്ടില്ല.

4.തൻവർഷകുടിശ്ശിക തുകകൾക്ക് I & E അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

5.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6.നിർവഹണോദ്യോഗസ്ഥർ ( കൃഷി ഓഫീസർ, വെറ്റിനറി സർജ്ജൻ ) TR – 7A കാഷ് ബുക്ക്, സബ്സിഡിയറി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

7.താഴെ പറയുന്ന നികുതി ഇനങ്ങളുടെ തുക ഡിമാന്റ് രജിസ്റ്ററിലും എ.എഫ്.എസ് - ലും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം. | നികുതി ഇനം | എ.എഫ്.എസ്. പ്രകാരം | | ഡിമാന്റ് രജിസ്റ്റർ പ്രകാരം | |
|---|---|---|---|---|---|
| | | ഡിമാന്റ് | കളക്ഷൻ | ഡിമാന്റ് | കളക്ഷൻ |

| | | | | | |
|---|---|---|---|---|---|
| 1 | തൊഴിൽ നികുതി (ജീവനക്കാർ) | 6,66,470 | 6,52,720 | 6,52,720 | 6,52,720 |
| 2 | പരസ്യനികുതി | 42,375 | 42,375 | 48,375 | 48,375 |
| 3 | വസ്തുനികുതി (തൻവർഷം) | 20,17,552 | 18,09,374 | 23,49,020 | 20,33,627 |
| 4 | വസ്തുനികുതി (കുടിശ്ശിക) | 7,72,906 | 8,98,867 | 10,38,614 | 9,98,530 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഷോപ്പിംഗ് കോംപ്ലക്സ് വരവ് -അപാകങ്ങൾ

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വാടക സംബന്ധിച്ച് ഓഡിറ്റിൽ കണ്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1)ന്യൂമാഹിഗ്രാമപഞ്ചായത്ത് ഷോപ്പിംഗ്കോംപ്ളക്സിൽ ആകെ 26 മുറികളുള്ളതിൽ 24 മുറികൾ വാടകക്ക് നൽകിയിട്ടുണ്ട്. മുറികളുടെ വാടക പ്രതിവർഷം 5% വർദ്ധിപ്പിക്കുന്നതല്ലാതെ വാടകത്തുകയിൽ കാലാനുസൃതമായ മാറ്റം വരുത്തിയിട്ടില്ല

2)10/139 നമ്പർ മുറി അബ്ദുൾ നാസർ എന്നയാൾ പ്രതിമാസം ₹ 20,475 വാടകക്ക് 2017 എപ്രിൽ മുതൽ സെപ്റ്റംബർ വരെ കൈവശം വച്ചിരുന്നതായും പിന്നീട് 2018 ഫെബ്രുവരി ,മാർച്ച് മാസങ്ങളിൽ ₹ 13,900 വാടക നൽകി ശ്രീ അബ്ദുൾറഹീം എന്നയാൾ കൈവശം വെച്ചതായുമാണ് രജിസ്റ്ററിൽ കാണുന്നത്. വാടകയിനത്തിൽ ഇത്രയധികം കുറവ് വരാനുണ്ടായ സാഹചര്യം വ്യക്തമല്ല.

3)10/139 നമ്പർ മുറിയുടെ തൊട്ടടുത്ത മുറികളായ 10/140, 10/138 എന്നിവ വാടകക്ക് നൽകിയിരിക്കുന്നത് യഥാക്രമം പ്രതിമാസം ₹ 1579, ₹ 1382 എന്നീ നിരക്കിൽ ആണ്. തൊട്ടടുത്ത മുറികൾ തമ്മിൽ വാടകയിൽ പ്രകടമായ വ്യതിയാനം കാണുന്നു. ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾക്ക് പഞ്ചായത്ത് കണക്കാക്കിയിരിക്കുന്ന വാടക എത്രയെന്ന് വ്യക്തമല്ല

4)ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ല

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 16 തീയ്യതി : 07-02-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകക്ക് നൽകിയത് സംബന്ധിച്ച് മുകളിൽ കൊടുത്ത അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയം ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 ഡി&ഓ ലൈസൻസില്ലാതെ വ്യാപാരസ്ഥാപനങ്ങൾ

പ്രവർത്തിക്കുന്നു-നടപടികളില്ല

ന്യൂമാഹി ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തെ ഡി&ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 417 വ്യാപാരസ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. 2016-17 ൽ ₹ 64,330 ആണ് ഡി&ഒ ലൈസൻസ് ഫീയിനത്തിലെ വരവ്. എന്നാൽ 2017-18 വർഷത്തിൽ 310 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചത്. തൻവർഷം ഈയിനത്തിൽ ₹56,205 മാത്രമേ വരവുള്ളൂ. 2017-18 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിൽ തൻവർഷം 452 വ്യാപാരസ്ഥാപനങ്ങൾ ആണുള്ളത്. ഇവയിൽ 26 സ്ഥാപനങ്ങൾ വിവിധ കാരണങ്ങളാൽ ഒഴിവായിട്ടുണ്ട്. എന്നാൽകൂടി 426 വ്യാപാരസ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. അതായത് 116 സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ (39(1)തീ. 13.2.19) നോട്ട് നിരോധനം, ജി.എസ്.ടി എന്നിവ മൂലം മിക്ക കച്ചവടക്കാരും കച്ചവടം നിർത്തി എന്നാണറിയാൻ കഴിഞ്ഞതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയത് പരിശോധിച്ച് ലൈസൻസില്ലാതെ പ്രവർത്തിച്ച വ്യാപാര സ്ഥാപനങ്ങൾക്കെതിരെ 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 255, 1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 26 എന്നിവ പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 മുഴുവൻ റേഷൻ വ്യാപാരികളും ഡി&ഒ ലൈസൻസെടുത്തിട്ടില്ല.

ഡി&ഒ ലൈസൻസ് പെർമിഷൻ രജിസ്റ്റർ പ്രകാരം 3 റേഷൻ വ്യാപാരികൾമാത്രമേ ഡി&ഒ ലൈസൻസെടുത്തിട്ടുള്ളൂ. എന്നാൽ ഓഡിറ്റ് എൻക്വയറി (നമ്പർ 39(1)/തീ.13.2.19)-ക്ക് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി പ്രകാരം ഗ്രാമപഞ്ചായത്തിൽ 5 റേഷൻഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. മുഴുവൻ റേഷൻഷാപ്പുകളും ലൈസൻസെടുത്തിട്ടുണ്ടെന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 2-4 മുഴുവൻ വ്യാപാരികളിൽനിന്നും തൊഴിൽനികുതി ഈടാക്കിയില്ല

ന്യൂമാഹി ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച വിശദവിവരം താഴെ കൊടുക്കുന്നു.

| വാർഡ് നമ്പർ | ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണം | തൊഴിൽനികുതി രജിസ്റ്റർ പ്രകാരം നികുതി ഒടുക്കിയവരുടെ എണ്ണം | തൊഴിൽനികുതി ഒടുക്കാത്ത വ്യാപാര സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | 57 | 45 | 12 |
| 3 | 10 | 8 | 2 |
| 5 | 8 | 3 | 5 |

| | | | |
|---|---|---|---|
| 6 | 19 | 17 | 2 |
| 7 | 12 | 9 | 3 |
| 9 | 35 | 21 | 14 |
| 10 | 207 | 178 | 29 |
| 11 | 10 | 8 | 2 |
| 12 | 14 | 7 | 7 |
| 13 | 8 | 5 | 3 |
| തൊഴിൽനികുതി ഈടാക്കാത്ത ആകെ വ്യാപാരികളുടെ എണ്ണം | | | 79 |

മുഴുവൻ വ്യാപാരികളിൽനിന്നും തൊഴിൽനികുതി ഈടാക്കാത്തതിന്റെ സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 18 തീയ്യതി : 07-02-2019ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമാനുസൃതമായി തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽനികുതിയും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 സി.ബി.എസ്.ഇ സ്കൂളുകൾ ജീവനക്കാരുടെ യഥാർത്ഥ വരുമാനം കാണിക്കാതെ തുച്ഛമായ തൊഴിൽനികുതി ഒടുക്കുന്നു.

ന്യൂമാഹി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ അഫിലിയേഷനുള്ള ശ്രീനാരായണ സീനിയർ സെക്കന്ററി സ്കൂളിലെ ജീവനക്കാരുടെ തൊഴിൽനികുതി റിട്ടേണിൽ സി.ബി.എസ്.ഇ അഫിലിയേഷനുള്ള മാനദണ്ഡ പ്രകാരമുള്ള (കേന്ദ്രസർക്കാർ 29-09-2009ൽ പുറപ്പെടുവിച്ച സർക്കുലർ നമ്പർ 1/2009 പ്രകാരം സി.ബി.എസ്.ഇ അഫിലിയേഷൻ നിയമാവലിയുടെ അദ്ധ്യായം 2 റൂൾ 3.3(5) ൽ സി.ബി.എസ്.ഇ അഫിലിയേഷനുള്ള സ്കൂളുകളിലെ അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് സംസ്ഥാനസർക്കാരോ കേന്ദ്രസർക്കാരോ സമാനതസ്തികയിലുള്ള ജീവനക്കാർക്ക് നൽകുന്ന ശമ്പളത്തിലും മറ്റ് അലവൻസുകളിലും കുറയാത്ത തുക നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്) ശമ്പളം കാണിക്കാതെ കുറഞ്ഞ വരുമാനം കാണിച്ച് നാമമാത്ര തൊഴിൽനികുതിയാണ് ഒടുക്കിയിട്ടുള്ളത്. സ്ഥാപനം യഥാർത്ഥവരുമാനം തന്നെയാണ് റിട്ടേണിൽ കാണിച്ചിരിക്കുന്നത് എന്നുറപ്പ് വരുത്താനും അല്ലാത്ത പക്ഷം പിഴ ഈടാക്കാനുമുള്ള നടപടികളൊന്നും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. മുൻവർഷങ്ങളിലെ ഓഡിറ്റ്

റിപ്പോർട്ടുകളിലും ഇത് സംബന്ധിച്ച് പരാമർശിച്ചിരുന്നെങ്കിലും നടപടികളൊന്നും ഉണ്ടായിട്ടില്ല.

## 2-6 'ഇ' ടെണ്ടർ ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഇ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് കണ്ണൂർ ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ട് മുഖേനയാണ്. പ്രസ്തുത ടെണ്ടറുകൾക്ക് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫീ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല. ടെണ്ടർ ഫീയിനത്തിൽ ₹9400ഗ്രാമപഞ്ചായത്തിന് ലഭിക്കാനുണ്ട്. പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ പേര് | ടെണ്ടർ ഫി |
|---|---|---|
| 1 | 37/18-മാഹിപാലത്തിനടുത്തുള്ള ശൗചാലയം നിർമ്മാണം | ₹ 3200 |
| 2 | 136/18- പ്ലാസ്റ്റിക് ശേഖരണ കേന്ദ്രം നിർമ്മിക്കൽ | ₹ 4000 |
| 3 | 150/18- മണിയൂർ താഴെ വയൽ റോഡ് പുനരുദ്ധാരണം | ₹ 2200 |
| | ആകെ | ₹9,400 |

മുൻ വർഷങ്ങളിലും ഈ ഇനത്തിൽ തിരികെ ലഭിക്കുവാൻ ബാക്കിയുള്ള തുക പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ദിവസവേതനത്തിൽ ഡ്രൈവർ നിയമനം - സർക്കാർ ഉത്തരവുകൾ പാലിച്ചില്ല

ഗ്രാമപഞ്ചായത്തിലേക്ക് പുതുതായി വാങ്ങിയ ബൊലേറൊ ജീപ്പിന് ദിവസ വേതനത്തിന് ഡ്രൈവറെ നിയമിച്ചിട്ടുണ്ട്. നിയമനവുമായി ബന്ധപ്പെട്ട നടപടി ക്രമത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. ദേശാഭിമാനി പത്രത്തിൽ 06-05-2017 നും മാധ്യമം പത്രത്തിൽ 05-05-2017 നമാണ് പരസ്യം നൽകിയിട്ടുള്ളത് . ദേശാഭിമാനി പത്രത്തിലെ പരസ്യത്തിൽ അപേക്ഷ ലഭിക്കാനുള്ള അവസാന തീയതി 08-05-2017 ഉം മാധ്യമം പത്രത്തിലേത് 10-05-2017 മാണ്.

2.പരസ്യ പ്രകാരം താഴെ പറയുന്ന അഞ്ചു പേർ അപേക്ഷ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | അപേക്ഷ നൽകിയ തീയതി |
|---|---|---|
| 1 | അൻജ്ജൻ .എം.കെ | 08-05-2017 |
| 2 | രാഹുൽ.കെ.പി | 10-05-2017 |
| 3 | നിശാന്ത്,വി | 10-05-2017 |
| 4 | കെ.കെ.സന്തോഷ് കുമാർ | 08-05-2017 |
| 5 | അബ്ദുൾ ഷിനോഫ് | 11-05-2017 |

ഇതിൽ അഞ്ചു പേർക്കും ഇന്റർവ്യൂവിനുള്ള അറിയിപ്പ് എ2/1373/17 തീയതി 20-05-2017 പ്രകാരം 22-05-2017 ന് അയച്ചിട്ടുണ്ട്. ഇതിൽ സമയ പരിധി കഴിഞ്ഞ് അപേക്ഷ നൽകിയ അപേക്ഷകനും ഉൾപ്പെടുന്നു. കൂടിക്കാഴ്ചയ്ക്ക് അഞ്ചു പേരും പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്.

3. 18-05-2017 ലെ 63/17(11) ഭരണസമിതി തീരുമാന പ്രകാരം രൂപീകരിച്ച ശ്രീ.ചന്ദ്രദാസൻ, പ്രസിഡണ്ട്, ശ്രീ.കെ.സത്യൻ , സെക്രട്ടറി(ഇൻ ചാർജ്ജ്) ; ശ്രീജ.സി.കെ, വൈസ് പ്രസിഡണ്ട്, സിദ്ധിക്ക് .വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട ഇന്റർവ്യൂ ബോർഡാണ് ഇന്റർവ്യൂ നടത്തിയിരിക്കുന്നത്. ഇതിൽ കൂടുതൽ മാർക്ക് ലഭിച്ച അൻജ്ജൻ.എം.കെ യെ ദിവസവേതനാടിസ്ഥനത്തിൽ ഡ്രൈവറായി നിയമിച്ചിട്ടുണ്ട്.

4. സെക്രട്ടറി നൽകിയ എ2/1373/2017 തീയതി 05-06-2017 നിയമന ഉത്തരവിൽ കേരള സർക്കാർ നിയമങ്ങൾക്ക് വിധേയമായി ഓഫീസ് അറ്റന്റന്റ് കം ഡ്രൈവർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ താല്ക്കാലികമായി നിയമിച്ച് കൊണ്ട് ഉത്തരവാകുന്നു എന്നും പഞ്ചായത്തുമായി എഗ്രിമെന്റ് വെച്ച് പഞ്ചായത്ത് സെക്രട്ടറി മുൻപാകെ ജോലിയിൽ പ്രവേശിക്കേണ്ടതാണ് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ നിയമനം എത്രകാലത്തേക്കാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല. നിയമന ഉത്തരവിൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിൽ

നിയമങ്ങൾക്ക് ജി.ഒ (പി)28/16/ധനം. തീയതി 26-02-2016 ലെ വ്യവസ്ഥകൾ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം 179 ദിവസത്തേക്ക് മാത്രമേ നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ എ2/1373/2017 തീയതി 05-06-2017 ഉത്തരവു പ്രകാരം നിയമിച്ച ഡ്രൈവർ തന്നെയാണ് ഇപ്പോഴും ജോലിയിൽ തുടരുന്നത്. 06-06-2017 മുതൽ വേതനം നൽകുന്നുണ്ടെങ്കിലും ജോലിയിൽ പ്രവേശിച്ചതിന്റെ റിപ്പോർട്ടും കരാർ ചമച്ചതിന്റെ വിവരങ്ങളും ഫയലിൽ ലഭ്യമല്ല.

5. സ.ഉ.(അച്ചടി) നം 56/17.ധനം തീയതി 28-04-2017 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01-04-2017 മുതൽ ദിവസവേതനക്കാർക്കുള്ള വേതനം പുതുക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ജി.ഒ (പി)28/16/ധനം. തീയതി 26-02-2016 ലെ വ്യവസ്ഥകൾ പാലിച്ചുള്ള നിയമനങ്ങൾക്കു മാത്രമേ പുതുക്കിയ വേതനത്തിന് അർഹതയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവിടെ സ.ഉ.(അച്ചടി) നം 56/17.ധനം തീയതി 28-04-2017 ലെ ഉത്തരവിലെ നിരക്കിലാണ് വേതനം അനുവദിച്ചുവരുന്നത്.

മേൽ അപാകങ്ങൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 45/13.2.19) മറുപടിയിൽ അപാകങ്ങൾ അടുത്ത ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 3-2 ഗ്രാമപഞ്ചായത്ത് വാഹന ഇൻഷൂറൻസ് - കേരള സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേന നടത്തുന്നില്ല.

ഗ്രാമപഞ്ചായത്ത് വാഹനമായ KL.58.V.2767ബൊലേറോ ജീപ്പ് നാഷണൽ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിലാണ് ഇൻഷൂർ ചെയ്തിരിക്കുന്നത്. ഈ ഇനത്തിൽ 2017-18 വർഷം വൗച്ചർ നമ്പർ 21700132 തീയതി 31-05-2017 പ്രകാരം ₹29718 ചെലവഴിച്ചിട്ടുണ്ട്. 18.04.2000 ലെ ജി.ഒ.(പി) നം. 819/2000 ഫിൻ ഉത്തരവു പ്രകാരം സർക്കാർ സ്ഥാപനങ്ങളുടെ എല്ലാ ഇൻഷൂറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വാഹനത്തിന്റെ ഇൻഷൂറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 44/13.2.19) മറുപടിയിൽ 2017-18, 2018-19 വർഷങ്ങളിലെ വാഹന ഇൻഷുറൻസ് നാഷണൽ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനം വഴി നടത്തിക്കഴിഞ്ഞു വെന്നും 2019-20 മുതൽ കേരള സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേന നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-3 മഴക്കാല പൂർവ്വ ശുചീകരണം ചെലവ് രേഖകൾ ഹാജരാക്കിയില്ല- ചെലവ് തുക ₹115200 തടസ്സപ്പെടുത്തുന്നു

വൗച്ചർ നം 21700298 തീയതി 01-08-2017 പ്രകാരം ₹73255 (ചെക്ക് നം.02001688 തീ. 01-08-2017)ഉം വൗച്ചർ നം 21700409 തീയതി 13-09-2017 പ്രകാരം ₹41945 (ചെക്ക് നം.2981482 തീ. 13-09-2017) ഉം മെഡിക്കൽ ഓഫീസർ, പി.എച്ച്.സി ക്ക് മഴക്കാല പൂർവ്വ

ശുചീകരണ പ്രവർത്തനങ്ങൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ മുൻകൂർ ക്രമീകരിക്കുന്നതിന് ആവശ്യമായ ചെലവ് വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല. 6-03-2017-ലെ തദ്ദേശ സ്വയം ഭരണ (ഡി.സി)വകുപ്പിന്റെ 127/2017 നമ്പർ സർക്കുലർ അനുസരിച്ച് ചെലവ് സംബന്ധിച്ച വൗച്ചറുകൾ കാമ്പയിൻ കഴിഞ്ഞ് ഒരാഴ്ചക്കകം ബന്ധപ്പെട്ട സെക്രട്ടറിമാർ വാർഡ് സമിതികളിൽ നിന്നും ശേഖരിക്കേണ്ടതാണ്. ഒറിജിനൽ വൗച്ചറുകൾ സെക്രട്ടറി സൂക്ഷിക്കുകയും കമ്മിറ്റിയുടെ അംഗീകാരത്തോടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് ഏജൻസികൾക്ക് നൽകേണ്ടതുമാണ്. എന്നാൽ തുക ക്രമീകരിച്ചതിന്റെ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 46/13.2.19) മറുപടി ലഭ്യമാക്കിയിട്ടുമില്ല. ആയതിനാൽ ചെലവ് തുക ₹115200 തടസ്സപ്പെടുത്തുന്നു.

## 3-4 ശമ്പള പരിഷ്കരണ കുടിശിക നൽകൽ അപാകങ്ങൾ

2017-18 വർഷം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ രണ്ട് ഗഡു ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. കുടിശ്ശിക കണക്കാക്കിയതിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

I).ശ്രീ.അജിത്ത് കുമാർ, സെക്രട്ടറി (റിട്ടയേർഡ്) ക്ക് 7/14 മുതൽ 2/15 വരെയുള്ള ശമ്പളകുടിശ്ശികയുടെ രണ്ട് ഗഡു താഴെ പറയും പ്രകാരം അനുവദിച്ചിട്ടുണ്ട്. എന്നാൽ ശമ്പളം നിർണ്ണയിച്ചത് ഓഡിറ്റ് വകുപ്പ് സാക്ഷ്യപ്പെടുത്തിയ വിവരം ലഭ്യമാക്കാത്തതിനാൽ കുടിശ്ശികയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1. ഒന്നാം ഗഡു ₹27413 ( വൗച്ചർ നമ്പർ 21700292 തീ. 28-07- 2017 )

2. രണ്ടാം ഗഡു -- ₹22041 ( വൗച്ചർ നമ്പർ 21700582 തീ. 30-11- 2017)

II). ശ്രീ.കുമാരൻ പടയൻകുടി, സെക്രട്ടറി (റിട്ടയേർഡ്) ക്ക് 7/14 മുതൽ 01/16 വരെയുള്ള കാലയളവിലെ ശമ്പളകുടിശ്ശികയും 26-08-2015 മുതൽ 31-03-2016വരെയുള്ള കാലയളവിലെ റേഷ്യോ പ്രൊമോഷൻ കുടിശികയും താഴെ പറയും പ്രകാരം അനുവദിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ ഹാജർ പട്ടിക പ്രകാരം 02-09-2015 ന് ടിയാൻ പണിമുടക്കിന്റെ ഭാഗമായി ജോലിക്ക് ഹാജരായിട്ടില്ല. എന്നാൽ ഈ ദിവസത്തെ ശമ്പളം കുറവ് വരുത്താതെയാണ് കുടിശിക നൽകിയിട്ടുള്ളത്.

I.ശമ്പള പരിഷ്കരണ കുടിശിക :-

1. ഒന്നാം ഗഡു ₹50234 ( വൗച്ചർ നമ്പർ 21700254 തീ. 20-07- 2017 )

2. രണ്ടാം ഗഡു ₹14860 ( വൗച്ചർ നമ്പർ 21700691 തീ. 18-01-2018

II. റേഷ്യോ പ്രൊമോഷൻ കുടിശിക :- ₹12450 - വൗച്ചർ നമ്പർ 21700256 തീ. 20-07-2017

III). ജി.ഒ.(പി.)7/2016/ഫിൻ തീ. 20.01.2016 പ്രകാരമുള്ള ശമ്പള പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ 01-07-2014 മുതൽ 31-01-2016 വരെയുള്ള കാലയളവിലെ ശമ്പളക്കുടിശ്ശികയുടെ രണ്ടു ഗഡുക്കൾ 2017-18 കാലയളവിൽ താഴെ പറയുന്ന ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട് .

| ക്രമ | ജീവനക്കാരന്റെ പേര് | ഒന്നാം ഗഡു | രണ്ടാം ഗഡു |
|---|---|---|---|

| | | | |
|---|---|---|---|
| നമ്പർ | /തസ്തിക | വൗച്ചർ നം 21700341 dtd 19-08-17 -₹ 40993<br>വൗച്ചർ നം21700340/ 19-08-2017<br>₹162680 | വൗച്ചർ നം. 21700748 dtd 09-02-2018 -₹131476<br>വൗച്ചർ നം. 21700749/ 09-02-2018 -₹32961 |
| 1 | ശ്രീ.മുസ്തഫ. എ.കെ , ക്ലാർക്ക് | 24186 | 19447 |
| 2 | ശ്രീ.ഫസലു റഹ്മാൻ.ടി.കെ, ക്ലാർക്ക് | 16807 | 13514 |
| 3 | ശ്രീ.രാജേഷ് .ടി , അക്കൗണ്ടന്റ് | 26856 | 21594 |
| 4 | ശ്രീ.സുധീഷ് .പി.കെ , സീ. ക്ലാർക്ക് | 19088 | 15567 |
| 5 | ശ്രീ.സുനിൽ കുമാർ.പി, സീ.ക്ലാർക്ക് | 19542 | 15713 |
| 6 | ശ്രീ.സലീം പൂവക്കണ്ടി, സീ. ക്ലാർക്ക് | 28862 | 23207 |
| 7 | ശ്രീ.ഷൈനിത്ത് .എം.ടി.കെ. സീ.ക്ലാർക്ക് | 12513 | 10061 |
| 8 | ശ്രീമതി.സമീമ, ക്ലാർക്ക് | 14400 | 11579 |
| 9 | ശ്രീ.മനോഹരൻ. എം, ഓഫീസ് അറ്റന്റന്റ് | 17748 | 14270 |
| 10 | ശ്രീമതി.വത്സല.ടി., പി.ടി.എസ് | 12643 | 10407 |
| 11 | ശ്രീ.പ്രശാന്തൻ പി.പി., പി.ടി.എസ് | 11028 | 9078 |
| 12 | ശ്രീ.ജി. മോഹൻ ദാസ് ,ഹെഡ് ക്ലാർക്ക് | ₹ 22485 +18079 = 40564 (രണ്ട് ഗഡുവും വൗച്ചർ നം 21700702 തീ. | |

| | | 27-01-2018 പ്രകാരം അനുവദിച്ചു) |
|---|---|---|

ജീവനക്കാരുടെ ശമ്പളം നിർണ്ണയിച്ചത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് അംഗീകരിച്ചതിന്റെ വിവരം ലഭ്യമാക്കാത്തതിനാൽ വിശദമായ പരിശോധന നടത്താൻ സാധിച്ചിട്ടില്ല. കുടിശിക സ്റ്റേറ്റ്മെന്റ് പ്രാഥമികമായി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.ശ്രീ.മുസ്തഫ എ.കെ , ശ്രീ. ഫസലു റഹ്മാൻ, ശ്രീ. ഷൈനിത്ത്.എം.ടി.കെ എന്നിവരുടെ ലീവ് സറണ്ടർ ശമ്പളം വാങ്ങിയതിന്റെ കുടിശിക കണക്കാക്കിയതിൽ കൈപ്പറ്റിയ തുകയിൽ നൽകിയ അടിസ്ഥാന ശമ്പളത്തിലും ഡി.എ യിലും വ്യത്യാസം കാണുന്നു. കൂടാതെ ലീവ് സറണ്ടർ വാങ്ങിയത് ഏത് മാസത്തിലെ നിരക്കിലാണെന്ന് വ്യക്തമല്ലാത്തതിനാൽ പരിശോധന സാധ്യമാകുന്നില്ല.

ഉദാ : ശ്രീ.മുസ്തഫ എ.കെയുടെ 01-04-2015 മുതൽ 31-01-2016 വരെയുള്ള കാലയളവിലെ അടിസ്ഥാന ശമ്പളം ₹13210 (പ്രീ റിവൈസ്ഡ് സ്കെയിൽ) ആണ്. 2015-16 ലെ ലീവ് സറണ്ടർ ശമ്പള പരിഷ്കരണ കുടിശിക കണക്കാക്കിയപ്പോൾ ₹13210 ന് പകരം ₹12280 എന്ന നിരക്കിലാണ് കുടിശിക കണക്കാക്കിയത്.

2. ശ്രീ. മനോഹരൻ. എം, ഓഫീസ് അറ്റന്റിന്റെ 12-01-2016 ലെ സമരം ഡെയ്സ്നോൺ ആയതിനാൽ ശമ്പളം അനുവദിച്ചിരുന്നില്ല. എന്നാൽ കുടിശ്ശിക നൽകുമ്പോൾ മുഴുവൻ തുകയും ഡ്യൂ ആയി കാണിച്ചിട്ടുണ്ട്.

മേൽ അപാകങ്ങൾ പരിശോധിച്ച് അധികം നൽകിയ തുക കണക്കാക്കി ഈടാക്കേണ്ടതും വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 3-5 ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്ന് രജിസ്റ്ററുകൾ, ഫോറങ്ങൾ മുതലായവ വാങ്ങൽ:- ഒടുക്കിയ മുഴുവൻ തുകയുടെയും സാധനങ്ങൾ ലഭിച്ചിട്ടില്ല

വൗച്ചർ നം 21700532 തീ. 07-11-2017 പ്രകാരം ₹95847 രജിസ്റ്ററുകൾ, ഫോറങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി ഗ്രാമലക്ഷ്മി മുദ്രാലയം കഞ്ചിക്കോടിന് മുൻകൂർ നൽകിയിട്ടിണ്ട്. എന്നാൽ ഇൻവോയ്സ് നം. PGT/GSTINV/1525/2017-18 തീ. 28-03-2018 പ്രകാരം ₹88469 യുടെ സാധനങ്ങൾ (18-04-2018) മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. 7378/- രൂപയുടെ സാധനങ്ങൾ ലഭിച്ചിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.51/14.02.19) മറുപടിയിൽ ബാക്കി തുകയ്ക്കുള്ള സാധനങ്ങൾ വാങ്ങുന്നതിനുള്ള ഇന്റന്റ് തയ്യാറാക്കി വരുന്നു എന്നാണ് അറിയിച്ചത്. ഒടുക്കിയ തുകയ്ക്കുള്ള മുഴുവൻ സാധനങ്ങളും ലഭിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-6 വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം

**മാർഗരേഖ പ്രകാരമുള്ള തുക അനുവദിച്ചില്ല.**

സ.ഉ.(എം.എസ് ) നം 80/2017 തസ്വഭവ. തീയതി 03-04-2017 ഖണ്ഡിക 11.5 (3) പ്രകാരം ബി.പി.എൽ. ലിസ്റ്റിൽ പെട്ടവരോ അല്ലാത്തവരോ ആയ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് 2017-18 കാലയളവിൽ ₹50,000 നിരക്കിൽ ധനസഹായം അനുവദിക്കാവുന്നതാണ്. എന്നാൽ 2017-18 ൽ വിവാഹ ധനസഹായത്തിന് അപേക്ഷിച്ച താഴെ പറയുന്ന മൂന്ന് പേർക്ക് ₹30,000 വീതം മാത്രമേ അനുവദിച്ചിട്ടുള്ളൂ.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | അപേക്ഷ ലഭിച്ച തീയതി | വിവാഹ തീയതി | അനുവദിച്ച തുക |
|---|---|---|---|---|
| 1 | ശ്രീമതി.താഹിറ.കെ.കെ | 08-08-2017 | 20-08-2017 | ₹ 30000 |
| 2 | ശ്രീമതി.സജിത.കെ.പി | 07-12-2017 | 07-01-2018 | ₹ 30000 |
| 3 | ശ്രീമതി.അനില കുമാരി .എസ്.കെ | 06-05-2017 | 27-05-2017 | ₹ 30000 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.54/15.02.19) മറുപടിയിൽ 3 പേർക്ക് വേണ്ടി ₹50000 നിരക്കിൽ അപേക്ഷിച്ചെങ്കിലും ₹90000 മാത്രമേ ലഭിച്ചുള്ളൂ എന്നും ആയത് 3 പേർക്ക് ₹30000 വീതം നൽകി എന്നുമാണ് അറിയിച്ചത്.

## 3-7 പശു വിതരണ പ്രോജക്ട്:- നിർവ്വഹണ അപാകങ്ങൾ - ചെലവ് തുക ₹125000 തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജ്ജൻ

പ്രോജക്ട് :31/18- പശു വിതരണം

അടങ്കൽ :₹125000 - വികസന ഫണ്ട്

: ₹125000 – ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ ഒടുക്കുന്നത്

ചെലവ് - വികസന ഫണ്ട് : ₹125000 -ബിൽ നം - 03/17-18 തീ. 31-10-2017

:₹125000 – ചെക്ക് നം. 02001765 തീ. 09-11-2017

മേൽ പ്രോജക്ട് പ്രകാരം പശുവിനെ വാങ്ങുന്നതിനായി ഒരു പശുവിന് ₹25000 വീതം അഞ്ച് ഗുണഭോക്താക്കൾക്കായി ₹125000 സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് |
|---|---|

| | |
|---|---|
| 1 | ശ്രീമതി.ശോഭ കുളങ്ങര |
| 2 | ശ്രീമതി.ഹൈമ |
| 3 | ശ്രീമതി.ലീല. പി.എ |
| 4 | ശ്രീമതി.കോമളവല്ലി |
| 5 | ശ്രീമതി.നാണി തയ്യിൽ |

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ സ. ഉ(എം എസ്)80/2017 /തസ്വഭവ തീയതി 3-4-2017 പ്രകാരം പശുവളർത്തൽ പദ്ധതിക്കായി പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലയളവിൽ ആനുകൂല്യം ലഭിച്ചിട്ടുള്ളവർ അർഹരല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് മുമ്പ് ഇതേ ഇനത്തിനായി ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയതായുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ഗുണഭോക്താക്കളുടെ വരുമാനം തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം, ഉരുക്കളെ ഇൻഷൂർ ചെയ്തതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 21/10.02.2019) മറുപടിയിൽ ആവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിക്കുന്നതാണ് എന്നാണ് അറിയിച്ചത്. മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹125000 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 ആട് വിതരണം - പ്രോജക്ട് - അനുബന്ധ രേഖകൾ ഹാജരാക്കിയില്ല - ₹1,00,000 തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജ്ജൻ

പ്രോജക്ട് : 63/18- ആട് വിതരണം

അടങ്കൽ : ₹1,00,000 - വി കസന ഫണ്ട്

: ₹1,00,000 – ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ ഒടുക്കുന്നത്

ചെലവ് വികസന ഫണ്ട് : ₹75000 -ബിൽ നം - 02/17-18 തീ. 30-10-2017

: ₹ 25000 – ബിൽ നം - 05/17-18 തീ. 27-11-2017

ഗുണഭോക്തൃ വിഹിതം :₹75000 - ചെക്ക് നം. 02001751 തീ. 24-10-2017

: ₹25000 - ചെക്ക് നം. 02002139 തീ. 29-01-2017

മേൽ പ്രോജക്ട് പ്രകാരം ആടിനെ വാങ്ങുന്നതിനായി ഒരു ആടിന് ₹5000 വീതം ഇരുപത് ഗുണഭോക്താക്കൾക്കായി ₹1,00,000 സബ്സിഡി അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ ചുവടെ നൽകുന്നു.

1.പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ സ. ഉ(എം എസ്) 80/2017/ തസ്വഭവ തീയതി 3-4-2017 ഖണ്ഡിക 8.2 ന്റെ കുറിപ്പ് 7 പ്രകാരം കറവയുള്ള പശു, എരുമ, പെണ്ണാട് എന്നിവയ്ക്കായി പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലയളവിൽ ആനുകൂല്യം ലഭിച്ചിട്ടുള്ളവർ അർഹരല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് മുമ്പ് ഇതേ ഇനത്തിനായി ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയതായുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

2.ഗുണഭോക്താക്കളുടെ വരുമാനം തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

3 താഴെ കൊടുത്ത ഗുണഭോക്താക്കളുടെ ആടുകളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമനമ്പർ | ഗുണഭോക്താക്കളുടെ പേര് |
|---|---|
| 1 | ശ്രീമതി.ആയിഷ.പി.വി |
| 2 | ശ്രീമതി.മറിയു.എം.പി |
| 3 | ശ്രീമതി.കദീജ.എം.കെ |
| 4 | ശ്രീമതി.നിർമ്മല സി.എസ് |
| 5 | ശ്രീമതി.അസ്മ |
| 6 | ശ്രീമതി.സീനത്ത് |
| 7 | ശ്രീമതി.സീലത്ത് ടി.പി |
| 8 | ശ്രീമതി.ശാരദ.കെ |
| 9 | ശ്രീമതി.സീനത്ത് |
| 10 | ശ്രീമതി.വിനയ എ.സി. |
| 11 | ശ്രീമതി.ആയിഷ നൗഷാദ് |
| 12 | ശ്രീമതി.ശ്രീജ ടി |

| | |
|---|---|
| 13 | ശ്രീമതി.സതി.കെ |
| 14 | ശ്രീമതി.സൈനബ |

ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 22/10.02.19) മറുപടിയിൽ രേഖകൾ ഫയലിൽ സൂക്ഷിക്കുന്നതാണ് എന്നാണ് അറിയിച്ചത്. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ചെലവ് തുക ₹1,00,000 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-9 മുട്ടക്കോഴി വിതരണം - പ്രോജക്ട് - വരുമാന സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - ₹78050 തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജ്ജൻ

പ്രോജക്ട് : 44/18- മുട്ടക്കോഴി വിതരണം

അടങ്കൽ : ₹78050 - വികസന ഫണ്ട്

: ₹78050– ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ ഒടുക്കുന്നത്

ചെലവ് വികസന ഫണ്ട് : ₹53550 -ബിൽ നം - 04/17-18 തീ. 22-11-2017

: ₹24500 – ബിൽ നം - 08/17-18 തീ. 22-03-2018

ഗുണഭോക്തൃ വിഹിതം :₹53550 - ചെക്ക് നം. 30089011 തീ. 24-11-2017

: ₹24500 - ചെക്ക് നം. 02002626 തീ. 23-03-2018

മേൽ പ്രോജക്ട് പ്രകാരം മുട്ടക്കോഴികളെ വാങ്ങുന്നതിനായി ഏഴ് മുട്ടക്കോഴിക്ക് ₹350 വീതം 223 ഗുണഭോക്താക്കൾക്കായി ₹78050 സബ്സിഡി അനുവദിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ സ. ഉ(എം എസ്) 80/2017/ തസ്വഭവ തീയതി 3-4-2017 മാനദണ്ഡ പ്രകാരം ഗുണഭോക്താക്കളുടെ വാർഷിക വരുമാന പരിധി ₹1,00,000 ആണ്. എന്നാൽ ഇതു സംബന്ധിച്ച് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്കുള്ള (നം.23/10.02.19) മറുപടിയിൽ രേഖകൾ ഫയലിൽ സൂക്ഷിക്കുന്നതാണ് എന്നാണ് അറിയിച്ചത്. മേൽ അപാകതയുടെ അടിസ്ഥാനത്തിൽ ചെലവ് തുക ₹78050 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-10 കാട വിതരണം - പ്രോജക്ട് - അനുബന്ധ രേഖകൾ ഹാജരാക്കിയില്ല - ₹70500 തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജ്ജൻ

പ്രോജക്ട് : 64/18- കാട വിതരണം

അടങ്കൽ : ₹71250 - വികസന ഫണ്ട്

: ₹71250– ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ ഒടുക്കുന്നത്

ചെലവ് വികസന ഫണ്ട് : ₹37,500 - ബിൽ നം - 06/17-18 തീ. 16-12-2018

: ₹33,000 – ബിൽ നം - 07/17-18 തീ. 22-03-2018

ഗുണഭോക്തൃ വിഹിതം : ₹37,500 - ചെക്ക് നം. 02002158 തീ. 02-02-2018

: ₹33,000 - ചെക്ക് നം. 02002625 തീ. 23-02-2018

മേൽ പ്രോജക്ട് പ്രകാരം കാടകളെ വാങ്ങുന്നതിനായി 50 എണ്ണം വീതമുള്ള ഒരു യൂണിറ്റിന് ₹750 വീതം 94ഗുണഭോക്താക്കൾക്കായി ₹70500 സബ്സിഡി അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ സ. ഉ(എം എസ്) 80/2017/ തസ്വഭവ തീയതി 3-4-2017 മാനദണ്ഡ പ്രകാരം ഗുണഭോക്താക്കളുടെ വരുമാന പരിധി ₹1,00,000 ആണ്. എന്നാൽ ഇതു സംബന്ധിച്ച് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2. കാടകളെ വാങ്ങിയതിന്റെ കാഷ് ബില്ല് ലഭ്യമാക്കിയിട്ടില്ല.

3.കാട കുഞ്ഞുങ്ങളെ വാങ്ങിയ സ്ഥാപനത്തിന് മൃഗസംരക്ഷണ വകുപ്പിൽ നിന്നുള്ള അംഗീകാരമുണ്ടോ എന്നുള്ളവിവരം ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 24/10.02.19) മറുപടിയിൽ ആവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിക്കുന്നതാണെന്നും മൃഗസംരക്ഷണ വകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ കാട കുഞ്ഞുങ്ങൾ ലഭ്യമല്ലാത്തതിനാൽ പ്രത്യേക പർച്ചേസിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരം ലോക്കൽ പർച്ചേസ് നടത്തുകയാണ് ഉണ്ടായത് എന്നുമാണ് വ്യക്തമാക്കിയത്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹70500 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മേശ,കസേര വിതരണം- ഗുണഭോക്തൃലിസ്റ്റിലുൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി. ₹9752 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| പ്രോജക്ട് നമ്പർ | 84 |
| പ്രോജക്ടിന്റെ പേര് | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മേശ,കസേര വിതരണം |
| അടങ്കൽ | ₹1,30,000വികസന ഫണ്ട്<br>₹20,000 തനത് ഫണ്ട് |

| | |
|---|---|
| ചെലവ്<br>ആകെ | ₹1,30,000 ബിൽ നമ്പർ/തീയതി : 01/2017-18/8-03-2018<br>₹16273 ചെക്ക് നമ്പർ 02002179 തീ. 07-03-18<br>₹146273 |

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനാവശ്യത്തിനുള്ള മേശയും കസേരയും നൽകുന്നതിന് വേണ്ടിയാണ് പ്രോജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്. ഇതനുസരിച്ച് 30 ഗുണഭോക്താക്കൾക്ക് ഫർണിച്ചർ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ ആനുകൂല്യം കൈപ്പറ്റിയ ശ്രീ.വിനോദ് സി, ശ്രീ.സജേഷ് എ എന്നീഗുണഭോക്താക്കൾ സെക്രട്ടറി പദ്ധതി നിർവ്വഹണത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം21 തീയ്യതി 08-02-19) ലഭ്യമാക്കിയ മറുപടിയിൽ ശ്രീ.വിനോദിന്റെ ഭാര്യയായ സുനിതയുടെ പേരാണ് ലിസ്റ്റിലുള്ളതെന്നും ശ്രീ.സജേഷ് എന്നതിനു പകരം ശ്രീ.രാജേഷ് എന്ന് തെറ്റായി രേഖപ്പെടുത്തിയതാണെന്നുമാണ് അറിയിച്ചത്. എന്നാലിത് സംബന്ധിച്ച തെളിവ് ഹാജരാക്കിയില്ല. ഗുണഭോക്തൃലിസ്റ്റിലുൾപ്പെടാത്ത രണ്ട് ഗുണഭോക്താക്കൾക്ക് ഫർണിച്ചർ നൽകുന്നതിന് ചെലവഴിച്ച ₹ 9752 (4876x2) തടസ്സപ്പെടുത്തുന്നു.

## 3-12 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ - ആനുകൂല്യം കൈപ്പറ്റിയവരുടെ അർഹത തെളിയിച്ചിട്ടില്ല , ₹ 55,750 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവണ്മെന്റ് എൽ.പി സ്കൂൾ |
| പ്രോജക്റ്റ് നമ്പർ | 125 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ |
| അടങ്കൽ | ₹ 35,000വികസന ഫണ്ട് (scp)<br>₹ 25,000 തനത് ഫണ്ട്<br>---------<br>₹60000 |
| ചെലവ് | ₹ 35,000 ബിൽ നമ്പർ/തീയതി : 02/2017-18/11-10-2017<br>₹ 20,750 ചെക്ക് നമ്പർ/തീയതി : 5871903/14-03-2018 |
| ആകെ | ₹ 55,750 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ എന്ന പ്രോജക്ട് പ്രകാരം രണ്ട് വിദ്യാർത്ഥികൾക്കാണ് ലാപ് ടോപ് നൽകാൻ ലക്ഷ്യമിട്ടത്. കോർപറേറ്റ് ബിസിനസ്സ് സൊല്യൂഷൻ, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നുമാണ് കംപ്യൂട്ടറുകൾ വാങ്ങിയിരിക്കുന്നത്. പ്രസ്തുത കംപ്യൂട്ടറുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾ അർഹരായ വിദ്യർത്ഥികൾ തന്നെയെന്ന് തെളിയിക്കുന്നതിനായി പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രമില്ല. ഏത് കോഴ്സിന് പഠിക്കുന്നെന്നോ, അംഗീകൃത സ്ഥാപനത്തിൽ പഠിക്കുന്നവരാണെന്നോ ഉള്ളതുമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ. 15 തീയ്യതി 07-02-2019) ലഭ്യമാക്കിയ മറുപടിയിൽ മേൽ അപാകങ്ങൾ പരിഹരിക്കുവാൻ ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ആനുകൂല്യം നൽകിയത് അർഹരായവർക്കാണെന്ന് ഉറപ്പുവരുത്തിയിട്ടില്ലാത്തതിനാൽ ₹ 55,750 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## **3-13** തെരുവുവിളക്ക് മെയിന്റനൻസും ,അനുബന്ധ ഉപകരണങ്ങൾ വാങ്ങലും -അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് | തെരുവുവിളക്ക് മെയിന്റനൻസും ,അനുബന്ധ ഉപകരണങ്ങൾ വാങ്ങലും |
| പ്രോജക്റ്റ് നം | 56/18 |
| അടങ്കൽ | 2,36,949(ധനകാര്യകമ്മീഷൻ ഗ്രാന്റ്)<br>1,63,051( തനത് ഫണ്ട്)<br>-----------------<br>4,00,000 |
| ചെലവ് (ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,77,200(ബിൽ നം 30 /19-2-2018) |

തെരുവുവിളക്ക് മെയിന്റനൻസും ,അനുബന്ധ ഉപകരണങ്ങൾ വാങ്ങലും പദ്ധതിക്ക് വേണ്ടി ടെണ്ടർ ക്ഷണിച്ചതു പ്രകാരം 3 ടെണ്ടറുകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ലിതീഷ്, പവർലാബ് ഇലക്ട്രിക്കൽസ് എന്നകരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചു

| ക്രമ നം. | ഇനം | നിരക്ക് |
|---|---|---|
| 1 | 15x2500 W CFL | 300 |
| 2 | 40 W TUBE | 400 |
| 3 | 11x2 W CFL | 650 |
| 4 | 70 w sodium | 1000 |

| | | |
|---|---|---|
| 5 | 60 w bulb | 100 |

ആകെ 367 വിളക്കുകൾ(ക്രമ നം 1,2,3 യഥാക്രമം 171+6+190=367എണ്ണം ) റിപ്പയർ ചെയ്തതിന് മേൽ തുക നൽകിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു

1)കരാറുകാരനുമായി നെഗോഷിയേഷൻ നടത്തിയിട്ടില്ല

2)കരാർ പ്രകാരം വാർഷിക അറ്റകുറ്റപണി നടത്താൻ തീരുമാനിച്ച തെരുവുവിളക്കുകളുടെ എണ്ണം കരാറിൽ രേഖപ്പെടുത്തിയിട്ടില്ല

3) തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിയും സംരക്ഷണവും മാർഗരേഖ -2011 (സർക്കുലർ നമ്പർ 3055/ഡി.എ.3/2011 ത.സ്വ.ഭ.വ. 15-09-2011) ഖണ്ഡിക 2.എഫ് പ്രകാരം ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് പ്രകാരം ആനുപാതിക തുക കരാറിലെ വ്യവസ്ഥകൾ നിറവേറ്റുന്ന മുറയ്ക്ക് മൂന്നുമാസം കൂടുമ്പോൾ നൽകേണ്ടതാണ്. എന്നാൽ 1-12-2017 മുതൽ 30-11-2018 വരെ കാലാവധിയുള്ള കരാർ പ്രവൃത്തിയുടെ 44.30% തുകയും 2017-18 ൽ തന്നെ നൽകിയതായി കാണുന്നു.

4) വിളക്കുകൾ റിപ്പയർ ചെയ്തതായി കെ എസ് ഇ ബി സാക്ഷ്യപ്പെടുത്തിയിട്ടില്ല

5) സ്പെയർ പാർട്ട് എത്ര എണ്ണം മാറ്റി, പുതിയത് എത്ര വച്ചു, ഗുണനിലവാരം ഉള്ളതാണോ, അഴിച്ചുമാറ്റിയസ്പെയർ പാർട്ട് തിരികെ പഞ്ചായത്തിൽ ഏൽപ്പിച്ചത് എന്നിവയുടെ കണക്ക് നൽകിയിട്ടില്ല. ഉപയോഗിക്കുന്ന സ്പെയർ പാർട്ട്സുകൾ ഗുണനിലവാരം ഉള്ളതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനെ ബോധ്യപ്പെടുത്തുവാൻ ആവശ്യമായ സംവിധാനം കരാറുകാരൻ തന്നെ ഒരുക്കേണ്ടതാണെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഇപ്രകാരം സംവിധാനം ഒരുക്കിയിട്ടില്ല.

6)തെരുവു വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട പരാതികൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പൂർണ്ണമല്ല (സമയം , തീയതി ,പരാതിക്കാരന്റെ പേര് , പരാതിയുടെ വിവരണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല ) .

7) കരാറുകാരൻ ചെയ്ത പ്രവൃത്തികളുടെ വിവരം രേഖപ്പെടുത്തുന്ന തെരുവു വിളക്കുകളുടെ സർവ്വീസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

8)തെരുവു വിളക്കുകളുടെ എണ്ണം രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല

9)സ്ഥാപിക്കപ്പെട്ട എല്ലാ ഉപകരണങ്ങളും പ്രവർത്തനനിരതമാണോ എന്ന് ഗ്രാമ പഞ്ചായത്തും കരാറുകാരനും ഉറപ്പ് വരുത്തിയത് സംബന്ധിച്ച രേഖകളും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും കെ.എസ്.ഇ.ബി-യുടെയും ബന്ധപ്പെട്ട അധികാരികൾ സംയുക്ത പരിശോധന നടത്തിയതിന്റെ സാക്ഷ്യപത്രവും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

10) കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല. .

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.36/ തീ.12.2.19) കരാറുകാരനുമായി നെഗോഷിയേഷൻ നടത്തിയിട്ടുണ്ടെങ്കിലും, ആയത് രേഖപ്പെടുത്തിയിട്ടില്ല എന്നും, നടത്തിയ പ്രവൃത്തിയ്ക്ക് ആനുപാതികമായിട്ടാണ് തുക

നൽകിയതെന്നും, ഉപയോഗിക്കുന്ന സ്പെയർ പാർട്ടുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും, പരാതി രജിസ്റ്റർ, സർവ്വീസ് രജിസ്റ്റർ തെരുവു വിളക്കുകളുടെ എണ്ണം രേഖപ്പെടുത്തുന്ന രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നതാണെന്നും, സ്ഥാപിക്കുന്ന ഉപകരണങ്ങൾ സംയുക്ത പരിശോധനയ്ക്ക് വിധേയമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഫൈനൽ ബില്ലിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടുണ്ടെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

മറുപടിയിൽ പറഞ്ഞ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും രജിസ്റ്ററുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 3-14 കമ്പ്യൂട്ടറും , അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാത്തത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് | പഞ്ചായത്ത് ഓഫീസിൽ കമ്പ്യൂട്ടർ, പ്രിന്റർ, സെക്രട്ടറി,പ്രസിഡണ്ട് ലാപ്പ് ടോപ്പ് വാങ്ങൽ |
| പ്രോജക്റ്റ് നം | 116/18 |
| അടങ്കൽ | 2,00,000 ( വികസന ഫണ്ട്)<br>60,000 ( തനത് ഫണ്ട് )<br>---------------- -<br>2,60,000<br>--------------------- |
| ചെലവ് | 2,00,000 (ബിൽ നം 20 /28-12-2017)<br>24,575 ചെക്ക് നം -3008922 തീയതി 29-1-2018<br>--------------------<br>2,24,575 |

പഞ്ചായത്ത് ഓഫീസിൽ കമ്പ്യൂട്ടർ, പ്രിന്റർ, സെക്രട്ടറി, പ്രസിഡണ്ട് എന്നിവർക്ക് ലാപ്പ് ടോപ്പ് വാങ്ങൽ എന്ന പദ്ധതിയിൽ ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കോർപ്പറേറ്റ്

ബിസിനസ് സൊല്യൂഷൻസ്, കണ്ണൂരിൽ നിന്നും 4 കമ്പ്യൂട്ടർ, 2 പ്രിന്റർ, 1 ലാപ് ടോപ് എന്നിവ വാങ്ങിച്ചിട്ടുണ്ട്. 12-10-2017 ന് സ്ഥാപനം ഇവ ലഭ്യമാക്കിയിട്ടുണ്ട്.

കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, സംരക്ഷണം മാർഗ്ഗനിർദ്ദേശങ്ങൾ (സർക്കുലർ ത.സ്വ.ഭ.വ. എ ബി2/703/2015 തീയതി 16-1-2016) പ്രകാരം കമ്പ്യൂട്ടർ, മറ്റ് അനുബന്ധ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും, ഓൺലൈൻ സ്റ്റോക്ക് എൻട്രി നടത്തേണ്ടതുമാണെന്നും, കമ്പ്യൂട്ടറുകളുടെ മൊത്തത്തിലുള്ള നിയന്ത്രണം ഒരു ഉദ്യോഗസ്ഥന് നൽകേണ്ടതാണെന്നും, യഥാർത്ഥ ആവശ്യം ഉറപ്പുവരുത്തി മാത്രമേ കമ്പ്യൂട്ടറുകൾ വാങ്ങാവൂ എന്നും, ഇ-വേസ്റ്റ് നിർമാർജ്ജനത്തിനായി നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്

മേൽ പദ്ധതി പ്രകാരം വാങ്ങിച്ച ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല. ഓഡിറ്റ് വേളയിൽ ആവശ്യപ്പെട്ടപ്പോൾ തയ്യാറാക്കി ഹാജരാക്കുകയുണ്ടായത്. പഞ്ചായത്ത് ഓഫീസിലും ഓഫീസ് കോംപൗണ്ടിൽ പ്രവർത്തിക്കുന്ന കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്കുമായി ഈ വർഷം വാങ്ങിയത് ഉൾപ്പെടെ ആകെ 19 കമ്പ്യൂട്ടറും ഒരു സെർവറും നിലവിലുണ്ട്. ഇവ വിവിധ സെക്ഷനിൽ സ്ഥാപിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടുണ്ട്. ഉപകരണങ്ങൾക്ക് ക്രമ നമ്പർ, വാങ്ങിച്ച വർഷം, പ്രോജക്ട് നമ്പർ എന്നിവ രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്ററും ആസ്തിരജിസ്റ്ററും അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

## 3-15 പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് -കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് | പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് |
| പ്രോജക്റ്റ് നം | 47/18 |
| അടങ്കൽ | 50,000 (വികസന ഫണ്ട്) |
| ചെലവ് | 49,000 ( ബിൽ നം 41/ 8-3-2018) |
| എം ബുക്ക്നം | 47/17-18 |

പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് പ്രോജക്ടിന് വേണ്ടി ടെണ്ടർ ക്ഷണിച്ചതിൽ കമ്പ്യൂണറ്റ് സിസ്റ്റം, തളാപ്പ്, കണ്ണൂർ എന്ന സ്ഥാപനം പ്രവൃത്തി നടത്തിയിട്ടുണ്ട്. കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല. ആദായ നികുതി ഇനത്തിൽ കരാറുകാരനിൽ നിന്നും ₹ 490 ഈടാക്കി ഒടുക്കേണ്ടതാണ്. തുക ഈടാക്കി ഒടുക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം. 47/14.2.19) മറുപടി നൽകിയിട്ടുണ്ട്.

## **3-16** തെരുവ് ടാപ്പിന്റെ എണ്ണം -സംയുക്ത പരിശോധന നടത്തിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് | വാട്ടർ അതോറിറ്റിയ്ക്ക് വെള്ളക്കരം ഒടുക്കൽ |
| പ്രോജക്റ്റ് നം | 32/18 |
| അടങ്കൽ | 3,25,500 ( റോഡിതരം ) |
| ചെലവ് | 3,25,500 ( റോഡിതരം ) |

ഗ്രാമപഞ്ചായത്ത് പരിധിയിലെ 62 പൊതു ടാപ്പിന് വെള്ളക്കരം ഒടുക്കുന്നതിന് ഒന്നിന് 5,250/- രൂപ നിരിക്കിൽ തൻവർഷം 3,25,500 രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത 62 ടാപ്പും പ്രവർത്തിയ്ക്കുന്നവതന്നെയാണോ എന്നും, പ്രവർത്തിയ്ക്കാത്തവയ്ക്ക് ചാർജ് നൽകുന്നുണ്ടോ എന്നും ബോധ്യപ്പെടുന്നതിനായി സ്ഥാപന അധികാരികളും കേരള വാട്ടർ അതോറിറ്റി അധികാരികളും തമ്മിൽ സംയുക്തപരിശോധന നടത്തിയിട്ടില്ല. സംയുക്തപരിശോധന നടത്തി അധിക തുക ഒടുക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## **3-17** തുല്യത പരീക്ഷ - സാക്ഷരതാ മിഷന്റെ കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല. **₹33900**തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവണ്മെന്റ് എൽ.പി സ്കൂൾ |
| പ്രോജക്റ്റ് നമ്പർ | 128 |
| പ്രോജക്റ്റിന്റ പേര് | പത്താംതരം, പ്ലസ് വൺ തുല്യതാപദ്ധതി |
| അടങ്കൽ | ₹ 8000വികസന ഫണ്ട്<br>₹ 25900 തനത് ഫണ്ട്<br>----------<br>₹33900 |

| | |
|---|---|
| ചെലവ്<br><br>ആകെ | ₹8000 ബിൽ നമ്പർ/തീയതി : 04/2017-18 /27-03-2018<br><br>₹ 25900 ചെക്ക് നമ്പർ 3008946/27-03-18<br><br>₹33900 |

ഏഴാംതരം, പത്താംതരം, പ്ലസ് വൺ എന്നീ ക്ലാസുകളിലെ തുല്യതാപരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ പാഠപുസ്തകങ്ങൾക്കും പരീക്ഷാച്ചെലവിനും വേണ്ടി മുകളിൽ കൊടുത്ത പ്രകാരം സാക്ഷരതാമിഷന് നൽകിയ ₹33900യ്ക്ക് സാക്ഷരതാ മിഷന്റെ കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല. തുല്യതാ പരീക്ഷാ ഫീസിനത്തിൽ സംസ്ഥാന സാക്ഷരത മിഷനിൽ ഒടുക്കിയ തുകയുടെ ഔദ്യോഗിക രശീതും, തുല്യത പരീക്ഷയിൽ പങ്കെടുത്തവരുടെയും വിജയിച്ചവരുടെയും വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 33900/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-18 മരുന്ന് വാങ്ങൽ പ്രോജക്ടുകൾ - നിർദ്ദിഷ്ട നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ല ; ₹199985 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| പ്രോജക്ട് നമ്പർ | 54 |
| പ്രോജക്ടിന്റെ പേര് | പ്രൈമറി ഹെൽത്ത് സെന്റർ -ജീവിതശൈലീരോഗനിയന്ത്രണം മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹ 100000 റോഡിതരസംരക്ഷണഗ്രാന്റ് |
| ചെലവ് | ₹ 95,000 ബിൽ നമ്പർ/തീയതി : 04/2017-18/15-11-2017<br><br>₹ 4985 ബിൽ നമ്പർ/തീയതി : 08/17-18 /31-01-2018<br>ആകെ ₹99985 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| പ്രോജക്ട് നമ്പർ | 51 |
| പ്രോജക്ടിന്റെ പേര് | പ്രൈമറി ഹെൽത്ത് സെന്റർ -ഒ.പി യിലേക്ക് ആവശ്യമായ മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹ 100000 റോഡിതരസംരക്ഷണഗ്രാന്റ് |

| | |
|---|---|
| ചെലവ് | ₹ 100000 ബിൽ നമ്പർ/തീയതി : 05/2017-18/15-11-2017 |

സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് പ്രകാരം പ്രോജക്ട് തയ്യാറാക്കി മരുന്ന് വാങ്ങുമ്പോൾ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സ്റ്റേറ്റ്മെന്റ് ഉണ്ടായിരിക്കേണ്ടതാണ്. ഇപ്രകാരം നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകാൻ ജില്ലാമെഡിക്കൽ ഓഫീസർമാർക്ക് സാധിക്കാത്ത സാഹചര്യത്തിൽ സ. ഉ (സാധാ) നമ്പർ 653/2017/ആ.കു.വ 14-03-2017 ഉത്തരവ് പ്രകാരമുള്ള ഫോർമാറ്റിൽ KMSCLവെൽഫെയർമാനേജർ നൽകുന്ന സർട്ടിഫിക്കറ്റ് ജില്ലാമെഡിക്കൽ ഓഫീസർ കൗണ്ടർസൈൻ ചെയ്ത് നൽകുകയാണ് വേണ്ടത്. എന്നാൽ ഇപ്രകാരമുള്ള സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് മേൽ പ്രോജക്ടുകൾ പ്രകാരം മരുന്ന് വാങ്ങിയിരിക്കുന്നത്. അതിനാൽ മേൽ പ്രോജക്ടുകൾ പ്രകാരമുള്ള ചെലവ് ₹199985 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 31/12.2.19) ആയത് ഫയലിൽ നിന്നും നഷ്ടപ്പെട്ട് പോയതായിരിക്കാം എന്നാണ് മറുപടി ലഭ്യമാക്കിയത്.

## 3-19 വയോജനങ്ങൾക്ക് യോഗപരിശീലനം - ആയുഷുമായി സഹകരിച്ച് നടപ്പാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| പ്രോജക്ട് നമ്പർ | 55 |
| പ്രോജക്ടിന്റെ പേര് | വയോജനക്ലിനിക് |
| അടങ്കൽ | ₹ 25,000വികസന ഫണ്ട് |
| ചെലവ്<br>ആകെ | ₹ 5,000 ബിൽ നമ്പർ/തീയതി : 09/17-18/31-01-18<br>₹ 17,536 ബിൽ നമ്പർ/തീയതി : 11/17-18/17-03-2018<br>₹ 2450 ബിൽ നമ്പർ/തീയതി : 14/17-18/23-03-2018<br>₹24,986 |

ഗ്രാമപഞ്ചായത്തിലെ വയോജനങ്ങൾക്ക് മാസത്തിൽ ഒരു തവണ ആരോഗ്യ പരിശോധന നടത്തൽ, നല്ല ആരോഗ്യം ഉറപ്പ് വരുത്തൽ എന്നിവയാണ് പ്രോജക്ട് പ്രകാരം നടത്താനുദ്ദേശിച്ച പ്രവർത്തനങ്ങൾ. മേൽ പ്രോജക്ടിന്റെ ഭാഗമായി വയോജനങ്ങൾക്ക് മാനസിക ആരോഗ്യ ബോധവത്കരണക്ലാസ്സ് ,യോഗപരിശീലനം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. ജി.ഒ (എം.എസ്) നമ്പർ 72/2017 /ത.സ്വ.ഭ.വ /29-03-2017 പ്രകാരം വയോജനങ്ങൾക്ക് യോഗപരിശീലനം നൽകുന്ന പ്രോജക്ടുകൾ ആയുഷുമായി സഹകരിച്ച് സംഘടിപ്പിക്കാവുന്നതാണ്. ഇവിടെ

പദ്ധതിയുടെ ഭാഗമായി നടത്തിയിരിക്കുന്ന യോഗപരിശീലനങ്ങൾക്ക് ഇൻസ്ട്രക്ടർമാരെ തെരഞ്ഞെടുത്തത് എപ്രകാരമെന്ന് വ്യക്തമല്ല. ആയുഷുമായി സഹകരിച്ചല്ല പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. മാനസികആരോഗ്യ ബോധവത്കരണക്ലാസ്സുകൾ നടത്തുന്നതിന് വ്യക്തികളെ തെരഞ്ഞെടുത്തത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 38 തീയ്യതി :12 -02-2019-ന് ലഭ്യമാക്കിയ മറുപടിയിൽ ലഭ്യമായതിൽ വെച്ച് ഏറ്റവും നല്ല രീതിയിൽ യോഗപരിശീലനം നൽകിവരുന്ന മാഹി ആയുർവേദ കോളേജിലെയും മറ്റും ജീവനക്കാരെ സംഘടിപ്പിച്ച് കൊണ്ടാണ് പരിശീലനം നടത്തിയതെന്നും ഭാവിയിൽ ആയുഷുമായി സഹകരിച്ച് കൊണ്ട് പരിശീലനം നടത്തുന്നതാണ് എന്നുംഅറിയിച്ചിട്ടുണ്ട്. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-20 ഹൈസ്കൂൾവിദ്യാർത്ഥിനികൾക്ക് തായ്ക്കോണ്ട പരിശീലനം -ഗ്രാമ പഞ്ചായത്ത് ചുമതലാലംഘനം നടത്തിയത് - ₹ 70,000 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ സി ഡി എസ് സൂപ്പർവൈസർ

| പ്രോജക്ട് | നിർഭയ (സ്പിൽ ഓവർ) | നിർഭയ 2-ാം ഘട്ടം |
|---|---|---|
| പ്രോജക്ട് നം | 113 /18 | 114/18 |
| അടങ്കൽ | 9,130(വികസന ഫണ്ട്)<br>18,000 (തനത് ഫണ്ട്) | 81,000(തനത് ഫണ്ട്) |
| ചെലവ് | 18,000 (തനത് ഫണ്ട്) | 52,000(തനത് ഫണ്ട്) |
| ബിൽ നം ,ചെക്ക് നം &തീയതി | ചെക്ക്നം3008920തീയതി 24-1-2018 | ചെക്ക്നം3008939തീയതി24-3-2018 -24,000 രൂപ<br>ചെക്ക്നം3008940തീയതി24-3-2018 -28,000 രൂപ |

നിർഭയ (സ്പിൽ ഓവർ) പദ്ധതിയിൽ, ന്യൂ മാഹിയിലെ എം എം ഹയർസെക്കണ്ടറി സ്കൂളിലെ 50 ഹൈസ്കൂൾ വിദ്യാർത്ഥിനികൾക്ക് 3-4-2017 മുതൽ 26-6-2017 വരെ തായ്ക്കോണ്ടയിൽ പരിശീലനം നൽകിയ വകയിൽ പരിശീലകനായ ശ്രീ-സയിദ് മുഹമ്മത് ഫഹദിന് പ്രതിമാസം 6,000/- രൂപ നിരക്കിൽ 18,000 രൂപ നൽകിയിട്ടുണ്ട്.

നിർഭയ 2-ാം ഘട്ടം പദ്ധതിയിൽ 50 ഹൈസ്കൂൾവിദ്യാർത്ഥിനികൾക്ക് നവംബർ 2017 മുതൽ ഫെബ്രുവരി 2018വരെ 4 മാസം പരിശീലനം നൽകിയ വകയിൽ പരിശീലകനായ ശ്രീ.സയിദ് മുഹമ്മത് ഫഹദിന് പ്രതിമാസം 6,000/- രൂപ നിരക്കിൽ ₹ 24,000 യും കുട്ടികൾക്ക് പാലും സ്നാക്സും നൽകിയ വകയിൽ ശ്രീ.കബീർ എന്നവർക്ക് 28000/- രൂപയും നൽകിയിട്ടുണ്ട്. ഇപ്രകാരം രണ്ട് പദ്ധതികളിലുമായി ആകെ ₹ 70,000 ചെലവഴിച്ചിട്ടുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി (2017-18) തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് (എം എസ് )നം 72/2017 ത സ്വ ഭ വ തീയതി 29-3-2017 ഖ -13-3 (7) ൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടത്തുന്ന നിർഭയ പദ്ധതിയിൽ പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്വോണ്ട, ജൂഡോ, കരാട്ടേ, യോഗ എന്നിവയിൽ ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിദ്യാർത്ഥിനികൾക്ക് പരിശീലനം നൽകുന്ന പദ്ധതികൾ ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് അഞ്ചാം പട്ടികയിൽ , 173 വകുപ്പ് (1)-ാം ഉപ വകുപ്പ് ബി 9-1 ൽ സർക്കാർ ഹൈസ്കൂളുകളുടെ നടത്തിപ്പ് ജില്ലാ പഞ്ചായത്തിന്റെ ചുമതലയാണ്.

ത്രിതല പഞ്ചായത്തുകൾക്ക് അനുവദിക്കപ്പെട്ട ചുമതലകൾ ലംഘിച്ച് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തിയതിനാൽ ₹ 70,000 തടസ്സപ്പെടുത്തുന്നു. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുമില്ല.

## 3-21 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് -അർഹമായ ധനസഹായം നൽകുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ -ഐ സി ഡി എസ് സൂപ്പർവൈസർ

| | |
|---|---|
| പ്രോജക്ട് | ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് |
| പ്രോജക്ട് നം | 70 /18 |
| അടങ്കൽ | 1,24,200 രൂപ (വികസന ഫണ്ട്)<br>75,000 രൂപ ( ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>75,000 രൂപ ( ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 1,24,200 രൂപ (വികസന ഫണ്ട്) ബിൽ-6/21.10.17)<br>62,100 രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) ചെക്ക് – 3008937/24.3.18<br>62,100 രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം) ചെക്ക് – 3008938/24.3.18 |

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന 23വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിനായി

മേൽ പറഞ്ഞ തുക ചെലവഴിച്ചിട്ടുണ്ട്. 23 വിദ്യാർത്ഥികളിൽ 18 പേർ മാനസിക വെല്ലുവിളികൾ നേരിടുന്നവരും, 5 പേർ ശാരീരിക വെല്ലുവിളികൾ നേരിടുന്നവരും ആണ്.

മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പ്രതിമാസ സ്കോളർഷിപ്പായ₹ 1000 മാത്രമാണ് നൽകിയത്. വസ്ത്രത്തിനുള്ള ബത്ത, അർഹരായവർക്ക് യാത്രാ ബത്ത, പഠന സാമഗ്രികൾക്കുള്ള ബത്ത എന്നിവ നൽകിയിട്ടില്ല.

ശാരീരികവെല്ലുവിളികൾ നേരിടുന്ന 2 കുട്ടികൾ 40 % ത്തിലധികം ചലനവൈകല്യമുള്ളവരാണ്. ഈ കുട്ടികൾക്ക് സ്കൂളിലും, കോളേജിലും പോകുന്നതിനുള്ള യാത്ര ബത്ത നൽകിയിട്ടില്ല. അപേക്ഷകർ വസ്ത്രം വാങ്ങിയതിനുള്ള വൗച്ചറുകൾ, യാത്രാ ബത്ത, പഠന സാമഗ്രികൾക്കുള്ള ബത്തയ്ക്കുള്ള വൗച്ചറുകൾ, എന്നിവ ഹാജരാക്കാത്തതിനാലാണ് ബത്ത നൽകാതിരുന്നതെന്ന മറുപടി തൃപ്തികരമല്ല. ഇവർക്ക് സർക്കാരിന്റെ ആനുകൂല്യങ്ങളെകുറിച്ചുള്ള അറിവില്ലായ്മയാകാം ഇതിന് കാരണം. ആയത് അവരുടെ ശ്രദ്ധയിൽപെടുത്തി അർഹമായ ധനസഹായം നൽകേണ്ടതാണ്. പ്രത്യേക പരിഗണന അർഹിക്കുന്ന ഇത്തരം വിദ്യാർത്ഥികൾക്ക് സർക്കാർ അനുശാസിക്കുന്ന മുഴുവൻ ധനസഹായവും ലഭ്യമാക്കുന്നതിന് സവിശേഷ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-22 ആശ്രയ പദ്ധതി പ്രവർത്തനങ്ങൾ ഊർജിതമാക്കേണ്ടതാണ്

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി,ആശ്രയ പദ്ധതിയ്ക്ക് വേണ്ടി തൻവർഷം 3,25,000/- രൂപയുടെ പ്രോജക്ട് തയ്യാറാക്കിയെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല. പഞ്ചായത്തിൽ ആകെ 35 ആശ്രയ ഗുണഭോക്താക്കൾ ഉണ്ട്. 2 ഗുണഭോക്താക്കൾക്ക് സ്ഥലത്തിന് വേണ്ടി 3,00,000 രൂപ, 1 ഗുണഭോക്താവിന് വീട് റിപ്പയറിനായി 25,000/- രൂപ എന്നിങ്ങനെയാണ് അടങ്കൽ നിശ്ചയിച്ചിരുന്നത്. എന്നാൽ ഗുണഭോക്താക്കൾസ്ഥലം കണ്ടെത്താത്തതിനാലും സ്ഥലത്തിനും വീട് റിപ്പയറിനും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ തുക അപര്യാപ്തമായതിനാലും തുക ചെലവഴിക്കാൻ സാധിക്കാത്തതിനാൽ തൻവർഷം പദ്ധതി നടപ്പിലാക്കിയിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുകയും എക്സിറ്റ് മീറ്റിംഗിൽ വിശദീകരിക്കുകയും ചെയ്തു.

ചാലഞ്ച് ഫണ്ടിനത്തിൽ 2017-18 വർഷം 49,040/- രൂപ ലഭിച്ചിട്ടുണ്ട്. ഈ തുക പൂന്നോൽ സർവ്വീസ് സഹകരണ ബാങ്കിൽ 23/10/2017 ന് വരവ് വെച്ചിട്ടുണ്ട്. ₹ 37,100 ഉപയോഗിച്ച് ഭക്ഷ്യധാന്യം വിതരണം നടത്തിയിട്ടുണ്ട്. സി.ഡി.എസ് നേരിട്ട് സപ്ലൈകോവിൽ നിന്ന് സാധനങ്ങൾ വാങ്ങിച്ച് പഞ്ചായത്ത് ഓഫീസിൽ എത്തിച്ച് അവിടെ നിന്നാണ് വിതരണം ചെയ്യുന്നത്. ന്യൂമാഹി പി എച്ച് സി യിൽ വെച്ച് മെഡിക്കൽ ക്യാമ്പ് നടത്തിയ വകയിൽ തുക ചെലവഴിച്ചതല്ലാതെ ചികിത്സയ്ക്കായി ഓഡിറ്റ് വർഷം തുക ചെലവഴിച്ചിട്ടില്ല. ചികിത്സ ആവശ്യമായവർക്ക് പി എച്ച് സി വഴി തന്നെ മരുന്ന് ലഭ്യമാകുന്നുണ്ട്. കിടപ്പിലായ ഒരു രോഗിയ്ക്ക് പാലിയേറ്റീവ് കെയർ വഴി ചികിത്സ നടത്തുന്നുണ്ട്.

സ്വന്തമായി ഭക്ഷണം പാകം ചെയ്ത് കഴിക്കുവാൻ വയ്യാത്ത അഗതികളേയും അശരണരേയും കണ്ടെത്തി അവർക്ക് രണ്ടു നേരത്തെ ഭക്ഷണം വീട്ടിലെത്തിക്കുവാനായി "വിശപ്പ് രഹിത ന്യൂമാഹി " പ്രവർത്തനങ്ങൾ നടത്തുവാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനം (നം.54 തീയതി 24-3-2018) എടുത്തിട്ടുണ്ടെങ്കിലും ഭക്ഷണം പാകം ചെയ്ത് നൽകുന്നതിനുള്ള തടസ്സങ്ങൾ കാരണം

പ്രവർത്തനം നടപ്പിൽ വരുത്തിയിട്ടില്ല. സ.ഉ. എം.എസ്. നം. 72/2017തസ്വഭവ തീ. 29.3.17 അനുബന്ധം 4-3-16(3)-ൽ ഒരു ആശ്രയ പ്രോജക്ട് രൂപീകരിച്ച് അംഗീകാരം ലഭിച്ച കഴിഞ്ഞാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലെങ്കിൽ അടുത്ത സാമ്പത്തിക വർഷത്തിൽ നിർബന്ധമായും സ്പിൽ ഓവറായി പദ്ധതി പ്രവർത്തനം തുടരേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതിനാൽ പദ്ധതിയുടെ സുഗമമായ നിർവ്വഹണത്തിനായി മേൽ ഉത്തരവ് അനുശാസിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-23 ദീർഘ വീക്ഷണമില്ലാതെയുള്ള പ്രോജക്ട് തയ്യാറാക്കൽ - ആവശ്യത്തിന് ഗുണഭോക്താക്കളില്ലാതെയുള്ള തുക വകയിരുത്തലും ഗുണഭോക്തൃ ലിസ്റ്റിലെ അപാകങ്ങളും

2017-18 വർഷം കൃഷി ഓഫീസർ നിർവഹണം നടത്തിയ സൗജന്യ വിത്ത് വിതരണ പ്രോജക്ടുകളിൽ പ്രോജക്ടിൽ വിഭാവനം ചെയ്തയത്ര എണ്ണം ഗുണഭോക്താക്കളില്ലാഞ്ഞിട്ടും ആവശ്യത്തിലധികം തൈകളും വിത്തുകളും വാങ്ങി ഗ്രാമസഭയും ഭരണസമിതിയും അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു തീർക്കുകയാണ് ചെയ്തിരിക്കുന്നത്. വിശദാംശം ചുവടെ കൊടുക്കുന്നു.

I) പ്രോജക്ട് : വനിതകൾക്ക് പച്ചക്കറി വിത്ത് വിതരണം :

(വനിതാ ഘടക പദ്ധതി )

പ്രോജക്ട് നമ്പർ : 66/17-18

നിർവഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

അടങ്കൽ : ₹50,000 ( വികസനഫണ്ട് )

ചെലവ് : ₹50,000

ബിൽ നം : 05/17-18/27.11.2017

മേൽ പ്രോജക്ട് പ്രകാരം വി.എഫ്.പി.സി.കെ സീഡ് പ്രോസസിംഗ് പ്ലാന്റ് ആലത്തൂരിൽ നിന്നും ക്രെഡിറ്റ് ബിൽ 17-18/1071/17-10-2017 പ്രകാരം 1000 കിറ്റ് പച്ചക്കറി വിത്ത് വാങ്ങിയിട്ടുണ്ട്. ഓഡിറ്റിന് കൃഷി ഓഫീസർ ലഭ്യമാക്കിയ ഗുണഭോക്തൃ പട്ടികയിൽ 1000 പേർ ഉൾപ്പെട്ടിട്ടുണ്ട്, വിതരണ റജിസ്റ്റർ പ്രകാരം 1000 പേർക്കാണ് പച്ചക്കറി വിത്ത് വിതരണം ചെയ്തിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

1.പഞ്ചായത്തിന്റെ വെബ് സൈറ്റിൽ രണ്ടു ഘട്ടമായാണ് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇതിൽ ആകെ 631 പേരുടെ പട്ടികയാണുള്ളത് . ഒന്നാം ഘട്ടം 216 ഉം രണ്ടാം ഘട്ടം 415 ഉം. എന്നാൽ കൃഷി ഓഫീസർ ഓഡിറ്റിന് ലഭ്യമാക്കിയ ഗുണഭോക്തൃ പട്ടികയിൽ 1000 പേർ ഉൾപ്പെട്ടിട്ടുണ്ട്. ഈ ഗുണഭോക്തൃപട്ടികയിലെ ഗുണഭോക്താക്കളുടെ പേരുകൾ ആവർത്തിക്കുകയും തത്ഫലമായി എണ്ണം 1000 ആവുകയും ചെയ്യുകയാണ്. ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് | ആവർത്തിക്കുന്ന ക്രമനമ്പറുകൾ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ശ്രീമതി.ശോഭന വി | I | 7, 14 |
| 2 | ശ്രീമതി.ശൈലജ.ഇ.പി | I | 11, 13 |
| 3 | ശ്രീമതി.ഷീല | I | 10, 12 |
| 4 | ശ്രീമതി.വീണാധരി | II | 68, 84 |
| 5 | ശ്രീമതി.ശ്രീജ പി | II | 69, 85 |
| 6 | ശ്രീമതി.ഉമാവതി എം | III | 105, 123 |
| 7 | ശ്രീമതി.സുഹറ | VI | 427, 440 |

എല്ലാ വാർഡുകളിലും ഇത്തരത്തിൽ ആവർത്തനം ഉണ്ടായിട്ടുണ്ട്.

2. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്രോജക്റ്റ് തയ്യാറാക്കിയിരിക്കുന്നത് . എന്നാൽ ഗുണഭോക്തൃപട്ടികയിൽ പുരുഷന്മാർ ഉൾപ്പെടുകയും ആനുകൂല്യം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ഉദാ:കൃഷി ഓഫീസർ ഓഡിറ്റിന് ലഭ്യമാക്കിയ ഗുണഭോക്തൃപട്ടികയിലെ ക്രമ നമ്പർ 55, 113, 119, 124, 125, 136, 141, 142, 176, 179, 191, 205, 212, 216, 221,....വിതരണ റജിസ്റ്റർ ക്രമ നമ്പർ .112, 146, 163, 183, 184, 185, 187, 189, 190, 247, 291, 311, 312, 313....എല്ലാ വാർഡുകളിലും ഇത്തരത്തിൽ ആവർത്തനം ഉണ്ടായിട്ടുണ്ട്.

II). പ്രോജക്റ്റ് : വനിതകൾക്ക് ഇടവിള കിറ്റ് വിതരണം –

(വനിതാ ഘടക പദ്ധതി )
പ്രോജക്റ്റ് നമ്പർ – 74/17-18

നിർവഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

അടങ്കൽ : ₹ 2,00,000 ( വികസനഫണ്ട് )

ചെലവ് : ₹ 2,00,000

ബിൽ നം : 11/17-18/20-02-2017

മേൽ പ്രോജക്റ്റ് പ്രകാരം വി.എഫ്.പി.സി.കെ കൃഷി വികസന കേന്ദ്ര കാസർകോഡിൽ നിന്നും ക്രെഡിറ്റ് ബിൽ 17-18 /109/31-01-2018 പ്രകാരം 500 കിറ്റ് കിഴങ്ങ് വർഗ്ഗ വിളയുടെ വിത്ത് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഗുണഭോക്തൃ പട്ടികയിൽ 500 പേർ ഉൾപ്പെട്ടിട്ടുണ്ട്, വിതരണ രജിസ്റ്റർ പ്രകാരം 500 പേർക്കാണ് കിഴങ്ങ് വർഗ്ഗ വിളയുടെ വിത്ത് വിതരണം ചെയ്തിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

1.പഞ്ചായത്തിന്റെ വെബ് സൈറ്റിൽ രണ്ടു ഘട്ടമായാണ് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇതിൽ ആകെ 513പേരുടെ പട്ടികയാണുള്ളത് . ഒന്നാം ഘട്ടം 192 ഉം രണ്ടാം ഘട്ടം 321ഉം. എന്നാൽ ഓഡിറ്റിന് കൃഷി ഓഫീസർ ലഭ്യമാക്കിയ ഗുണഭോക്തൃ പട്ടികയിൽ 500 പേരാണ് ഉൾപ്പെട്ടിട്ടുള്ളത്

2. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത് . എന്നാൽ ഗുണഭോക്തൃപട്ടികയിൽ പുരുഷന്മാർ ഉൾപ്പെടുകയും ആനുകൂല്യം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ഉദാ: കൃഷി ഓഫീസർ ലഭ്യമാക്കിയ ഗുണഭോക്തൃപട്ടികയിലെ ക്രമ നമ്പർ 17,41,52,54,71,86,92,96,97,109,123,126.... വിതരണ റജിസ്റ്ററിലെ ക്രമ നമ്പർ .11,45,48,51,52,58,72,83,88,107,108....

3.കൃഷി ഓഫീസർ ഓഡിറ്റിന് ലഭ്യമാക്കിയ ഗുണഭോക്തൃപട്ടികയിൽ ഗുണഭോക്താക്കളുടെ പേരുകൾ ആവർത്തിക്കുന്നു. ഉദാഹരണം ചുവടെ

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് | ആവർത്തിക്കുന്ന ക്രമനമ്പറുകൾ |
|---|---|---|---|
| 1 | ശ്രീമതി.സുനിത കെ | XI | 358, 374 |
| 2 | ശ്രീമതി.വല്ലി | XI | 359, 375 |
| 3 | ശ്രീമതി.മൃദുല | XI | 360, 376 |
| 4 | ശ്രീമതി.സുജിതാ സ്വാമിനാഥ് | XII | 402, 421 |
| 5 | ശ്രീമതി.സ്നേഹ ആർ | XII | 404 ,422 |
| 6 | ശ്രീ.ദിനൻ ദിനേശൻ | XII | 405, 423, |

4. വിതരണ രജിസ്റ്റർ പ്രകാരം ഒരാൾ രണ്ടുപ്രാവശ്യം കിറ്റ് കൈപ്പറ്റിയിരിക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് | ആവർത്തിക്കുന്ന ക്രമനമ്പറുകൾ |
|---|---|---|---|
| 1 | ശ്രീ.കാദർ മാസ്റ്റർ | XI | 159 ,470 |

III). <u>പ്രോജക്ട് :78/18മഞ്ഞൾ കിറ്റ് വിതരണം വനിതകൾക്ക്</u>

(വനിതാ ഘടക പദ്ധതി )

അടങ്കൽ : ₹2,50,000 ( വികസനഫണ്ട് )

ചെലവ് : ₹2,50,000

ബിൽ നം : 14/17-18/27.11.2017

മേൽ പ്രോജക്ട് പ്രകാരം വി.എഫ്.പി.സി.കെ കാസർകോഡിൽ നിന്നും ഇൻവോയ്സ്. 17-18 /104/31-01-2018 പ്രകാരം 500 മഞ്ഞൾ കിറ്റ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1) വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത് . എന്നാൽ ഗുണഭോക്തൃപട്ടികയിൽ പുരുഷന്മാർ ഉൾപ്പെടുകയും ആനുകൂല്യം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ഉദാ:ഗുണഭോക്തൃ പട്ടികയിലെ ക്രമനമ്പർ 26,32,41,51,55,59,70,78,80,98,106,

116 ..... വിതരണ രജിസ്റ്റർ ക്രമനമ്പർ 8, 10,16,21,49,51,68,70,75,93,94 .....

2)ഓഡിറ്റിന് കൃഷി ഓഫീസർ ലഭ്യമാക്കിയ സാക്ഷ്യപ്പെടുത്തിയ ഗുണഭോക്തൃ പട്ടികയിൽ 500 പേർ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃപട്ടികയിൽ ഗുണഭോക്താക്കളുടെ പേരുകൾ ആവർത്തിക്കുന്നു. ഉദാഹരണം ചുവടെ

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് | ആവർത്തിക്കുന്ന ക്രമനമ്പറുകൾ |
|---|---|---|---|
| 1 | ശ്രീ.അനിൽ കുമാർ, ആവാസ് | IV | 55, 62 |
| 2 | ശ്രീമതി.നാണി, തയ്യിൽ ഹൗസ് | IV | 56, 64 |
| 3 | ശ്രീ.അസീസ്, ഫാത്തിമാസ് | IV | 59, 66 |
| 4 | ശ്രീ.എൻ.പി.ശിവദാസൻ / ശ്രീമതി.സ്മിത ശിവദാസൻ | VI | 101, 116,137, 150 |
| 5 | ശ്രീ.ഷാജി കൊള്ളുമ്മൽ | VI | 106, 127, 142, 155 |
| 6 | ശ്രീമതി.ഭവാനി,കെ, പുതിയലത്ത് | VII | 166, 217 |
| 7 | ശ്രീ.ജയരാജൻ വി, വൈക്കിലേരി ഹൗസ് | VII | 168, 219 |

എല്ലാ വാർഡുകളിലും ഇത്തരത്തിൽ ആവർത്തനം ഉണ്ടായിട്ടുണ്ട്.

3). വിതരണ രജിസ്റ്റർ പ്രകാരം ഒരാൾ രണ്ടുപ്രാവശ്യം കിറ്റ് കൈപ്പറ്റിയിരിക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് | ആവർത്തിക്കുന്ന ക്രമനമ്പറുകൾ |
|---|---|---|---|
| 1 | ശ്രീ.ബാലൻ വരദ | VII | 328, 436 |

IV) പ്രോജക്ട് : 75/18- ടിഷ്യൂ കൾച്ചർ വാഴക്കൃഷി വിതരണം

അടങ്കൽ : ₹1,00,000( വികസനഫണ്ട് )

ചെലവ് : ₹1,00,000

ബിൽ നം : 01/17-18/21.10.2017

മേൽ പ്രോജക്ട് പ്രകാരം ജില്ലാ കൃഷി ഫാമിൽ നിന്ന് ഇൻവോയ്സ് 148/17-18/ 02-09-2017 പ്രകാരം 5000 ടിഷ്യൂ കൾച്ചർ വാഴ വാങ്ങിയിട്ടുണ്ട്. വിതരണ ലിസ്റ്റ് പ്രകാരം ഇവ 500 ഗുണഭോക്താക്കൾക്കാണ് വിതരണം ചെയ്തിട്ടുള്ളത്. ഓഡിറ്റിന് ലഭ്യമാക്കിയ വാഴക്കന്ന് വിതരണം എന്ന ഗുണഭോക്തൃ പട്ടികയിൽ 500 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ പട്ടികയിൽ ആകെ 273 (177 +96)

ഗുണഭോക്താക്കൾ മാത്രമേയുള്ളൂ.സൈറ്റിൽ ലഭ്യമാക്കിയ ഗുണഭോക്തൃ പട്ടികയും കൃഷി ഓഫീസർ ഓഡിറ്റിന് ലഭ്യമാക്കിയ ഗുണഭോക്തൃ പട്ടികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. കൂടാതെ ഓഡിറ്റിന് ഹാജരാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഗുണഭോക്താക്കളുടെ പേരുകൾ ആവർത്തിക്കുന്നുമുണ്ട്.

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്കുള്ള (നം. 4/17-18, 5/17-18, 6/17-18, 8/17-18എന്നിവ) മറുപടിയിൽ പ്രോജക്ടിൽ വിഭാവനം ചെയ്തതു പോലെ വിത്ത് ഇറക്കിയിരുന്നുവെന്നും വിതരണത്തിന് എത്തിയശേഷമാണ് ആളുകൾ താല്പര്യപ്പെട്ട് വന്നത് എന്നും പഞ്ചായത്ത് പലതവണ ലിസ്റ്റ് തന്നതിനാലാണ് പട്ടികയിൽ ആവർത്തനം വന്നത് എന്നും പുതുതായി ജോലിയിൽ പ്രവേശിച്ച കൃഷി ഓഫീസറുടെയും മുൻപരിചയമില്ലാത്ത കൃഷി അസിസ്റ്റന്റിന്റെയും അറിവില്ലായ്മയും അപാകങ്ങൾക്ക് കാരണമായിട്ടുണ്ട് എന്നുമാണ്. മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ കൊടുക്കുന്നു.

1.വിത്തുകളും തൈകളും വിതരണം ചെയ്യുമ്പോൾ ഗുണഭോക്താവിന്റെ കൃത്യമായ വിവരങ്ങൾ വിതരണ രജിസ്റ്ററിൽ ചേർക്കാത്തതിനാൽ യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണോ ആനുകൂല്യം ലഭിച്ചത് എന്ന് വ്യക്തമല്ല.

2. പഞ്ചായത്ത് അംഗീകരിച്ചതിൽ നിന്ന് വ്യത്യസ്തമായ ഗുണഭോക്തൃലിസ്റ്റ് യാതൊരു പരിശോധനയും നടത്താതെ നിർവഹണ ഉദ്യോഗസ്ഥർക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകുന്നത് സെക്രട്ടറിയുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണ്.

3.ജി.ഒ(എം.എസ്) നം 72/17/ തസ്വഭവ തീയതി 29-03-2017 ഖണ്ഡിക 13.3 പ്രകാരം വനിതാ ഘടക പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ വിവരം നൽകിയിട്ടുണ്ട് . എന്നാൽ ഇതിൽ ഉൾപ്പെടാത്ത പ്രോജക്ടുകളാണ് രൂപികരിച്ചിട്ടുള്ളത്.

4.ഗ്രാമ സഭയും ഭരണ സമിതിയും അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്.

മേൽ അപാകങ്ങൾ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽ പെടുത്തുന്നു.

## 3-24 ഗ്രാമസഭ, ഭരണസമിതി എന്നിവ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

നിർവഹണ ഉദ്യോഗസ്ഥൻ :കൃഷി ഓഫീസർ

1.പ്രോജക്ട് : 145/18 – കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ചേന വിത്ത് വിതരണം.

അടങ്കൽ : ₹30000 - വികസന ഫണ്ട്

ചെലവ് : ₹30000 - ബിൽ നം -9/17-18/20-02-2018

മേൽ പ്രോജക്ടിനായി വി.എഫ്.പി.സി.കെ., കാസർകോഡിൽ നിന്നും ഇൻവോയ്സ് നമ്പർ 17-18/ 106/31-01-2018പ്രകാരം 120Kg ചേന വാങ്ങി 12 കുടുംബശ്രീകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

II.പ്രോജക്ട് : 144/18 -- കുടുംബശ്രീ ഗ്രൂപ്പുകൾക്ക് നേന്ത്രവാഴക്കന്ന് വിതരണം .

അടങ്കൽ : ₹106750- വികസന ഫണ്ട്

: ₹50 -തനത് ഫണ്ട്

ചെലവ് : ₹106750 - ബിൽ നം -10/17-18/20-02-2018

: ₹50

മേൽ പ്രോജക്ടിനായി വി.എഫ്.പി.സി.കെ., കാസർകോഡിൽ നിന്നും ഇൻവോയ്സ് നമ്പർ 17-18/ 107/31-01-2018 പ്രകാരം 7120 തൈകൾ വാങ്ങി 36 കുടുംബശ്രീകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.എന്നാൽ വിതരണ റജിസ്റ്ററിൽ ഒരു ഗ്രൂപ്പിന് എത്ര വീതം നൽകി എന്ന വിവരങ്ങളില്ല.

III.പ്രോജക്ട് : 140/18 -- കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ഇഞ്ചി വിത്ത് കിറ്റ് വിതരണം

അടങ്കൽ : ₹2,00,000- വികസന ഫണ്ട്

ചെലവ് : ₹2,00,000 - ബിൽ നം -12/17-18 dtd 12-03-2018

മേൽ പ്രോജക്ടിനായി വി.എഫ്.പി.സി.കെ., കാസർകോഡിൽ നിന്നും ഇൻവോയ്സ് നമ്പർ 17-18/ 108/31-01-2018 പ്രകാരം 500 ഇഞ്ചി കിറ്റുകൾ വാങ്ങി 50കുടുംബശ്രീകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.6/17-18/6.2.19) മറുപടിയോടൊപ്പം ഹാജരാക്കിയ ഗുണഭോക്തൃ ലിസ്റ്റ് സി.ഡി.എസ്. ചെയർപേഴ്സൺ ഒപ്പിട്ടു നൽകിയതാണ്. ഈ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കാണ് ആനുകൂല്യം അനുവദിച്ചത്.

മേൽ പ്രോജക്ടുകൾ പ്രകാരം വിത്തുകൾ/തൈകൾ വിതരണം ചെയ്തിരിക്കുന്നത് സി.ഡി.എസ്.ചെയർപേഴ്സൺ നൽകിയ ലിസ്റ്റിൽ പെട്ടവർക്കാണ്. ഗ്രാമസഭ, ഭരണ സമിതി എന്നിവ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ് . ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## **3-25** പ്രവൃത്തി പൂർത്തിയാക്കുന്നതിലെ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ.(പി) നമ്പർ 13/2012 പി.ഡബ്ള്യൂ.ഡി. തീയതി 01-02-2012 ഉത്തരവിലെ വ്യവസ്ഥ 2112-1 പ്രകാരം കരാറുകാരന്റെ ഭാഗത്തുനിന്നുള്ള പിഴവ് മൂലം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ ദീർഘിപ്പിക്കേണ്ടി വന്നാൽ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. ഉത്തരവിലെ ഖണ്ഡിക 2112 പ്രകാരം യഥാർത്ഥത്തിലുള്ള പണി പൂർത്തീകരണ സമയത്തിന്റെ 25% മാത്രമേ ഒരു പ്രാവശ്യം ദീർഘിപ്പിച്ചു നൽകാവൂ. ഇത്തരത്തിൽ പരമാവധി പൂർത്തീകരണ സമയത്തിന്റെ പകുതി വരെ സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇതിന് പിഴയീടാക്കുമ്പോൾ ആദ്യത്തെ 25 ശതമാനത്തിന് 1%വും അടുത്ത 25 ശതമാനത്തിന് 2%-വും പിഴ ഈടാക്കേണ്ടതാണ്. 2016-17 വർഷം ടെണ്ടർ ചെയ്ത പ്രവൃത്തികൾക്ക് ടെണ്ടർ പരസ്യ പ്രകാരം പൂർത്തീകരണ കാലാവധി 90 ദിവസവും 2017-18 വർഷം ടെണ്ടർ ചെയ്ത പ്രവൃത്തികൾക്ക് ടെണ്ടർ പരസ്യ പ്രകാരം പൂർത്തീകരണ കാലാവധി 180

ദിവസവുമാണ്. എന്നാൽ കരാറിൽ പൂർത്തീകരണ തീയതി ചേർത്തിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ താഴെ കൊടുത്ത പൊതുമരാമത്ത് പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. എന്നാൽ സമയം ദീർഘിപ്പിച്ച് നൽകുന്നതിന് കരാറുകാരൻ കൃത്യ സമയത്ത് അപേക്ഷ നൽകിയിട്ടില്ല. പ്രവൃത്തികളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് നം, പ്രവൃത്തിയുടെ പേര് | ടെണ്ടർ നിരക്ക്(PAC), കരാറുകാരൻ | എഗ്രിമെൻറ്/ തിയതി , സൈറ്റ് കൈമാറിയ തീയതി | ടെണ്ടർ/ കരാർ പ്രകാരം പൂർത്തി യാക്കേണ്ട തീയതി | എം ബുക്ക് നം/ പൂർത്തി യാക്കിയ തീയതി | പൂർത്തി യാക്കാ നെടു ത്ത കാല താമ സം | ഈടാക്കേ ണ്ടിയിരുന്ന പിഴ, തുക നൽകിയ ബിൽ നമ്പർ തീയതി |
|---|---|---|---|---|---|---|---|
| 1 | 90/18- പുതിയ റോഡ് റീടാറിംഗ് | ₹397986 ശ്രീ.സുരേഷ്ബാബു. സി.ടി. | AE/NM/15 /16-17 /23-01-2017, 23-01-2017 | 90 ദിവസം 22-04-17 | 15/16-17 07-10-17 | 5മാസം 16 ദിവസം | ₹11940 (3%) 12/17-18 /18-11-17 |
| 2 | 107/18- മേലെവീട്ടിൽ റോഡ് ടാറിംഗ് | ₹119718 ശ്രീ.കെ.പി. ദിനേശൻ | AE/NM/14 /16-17/ 31-01-2017, 31-01-2017 | 90 ദിവസം 30-04-17 | 21/16-17 29/05/17 | 29 ദിവസം | ₹3592 (3%) 08/17-18 /31-10-17 |
| 3 | 99/18- മാതൃകാ റെയിൽവെ ചവോക്കുന്ന് റോഡ് ടാറിംഗ് | ₹243107 ശ്രീ.സുരേഷ്ബാബു. സി.ടി. | AE/NM/14 /16-17/ 31-01-2017, 31-01-2017 | 90 ദിവസം 30-04-17 | 17/16-17 19/05/17 | 19 ദിവസം | ₹2431(1%) 04/17-18 /22-08-18 |
